# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ഏപ്രിൽ 2022





Chavara Matrimony.com
Connecting Hearts
since 1996
അനുഗ്രഹീത ദാമ്പത്യങ്ങളുടെ
ഇരുപത്തിയഞ്ച് വർഷങ്ങൾ
ചങ്ങനാശ്ശേരി 99957 77568
Chavara Family Welfare Centre, H.O Chavara Cultural Centre, Kochi
99617 44444 | 0484 4080333 | 1800 103 4080
26 Branches in Kerala, Bangalore, Coimbatore, Mumbai & Delhi

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

താളുകൾ മറിക്കുമ്പോൾ



മുഖമൊഴി 05


06 വികാരിയച്ചന്റെ സന്ദേശം


ഈശോ പുനരുത്ഥാനവും നിത്യജീവനും 08


14 ഇടവക വാർത്തകൾ


പീഡാനുഭവവാര തിരുക്കർമ്മങ്ങൾ 32



ഏപ്രിൽ 2022
ലക്കം 1
വാല്യം 8

*മാനേജിംഗ് എഡിറ്റർ:*
**വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. റ്റോണി കരിക്കണ്ടം**
7025791487

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. അലൻ വെട്ടുകുഴിയിൽ**
7012116384
**റവ. ഫാ. റ്റോബി പുളിക്കാശേരി**
9446700163
**റവ. ഫാ. മാത്യു മറ്റം**
9847660057

*കൈക്കാരന്മാർ:*
**ആന്റണി ആന്റണി പുന്നശ്ശേരി**
**തോമസ് കെ. ആന്റണി കാട്ടടി**
**ഷിബിൻ ആന്റണി കറുകയിൽ**


*കമ്മറ്റിയംഗങ്ങൾ:*
**ഡോ. ജെ.ജി. റേ**
**ഡോ. സോണി കണ്ടങ്കരി**
**ജോസ് കാട്ടടി**
**റ്റോജോ പടനിലം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**കൊച്ചുറാണി പനച്ചിക്കൽ**

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com



In Loving Memory of



# K.J. CHACKO Ex. MLA

## KALLUKALAM
## VAZHAPPALLY

Died: 12.04.2021

# മകരം തിരുനാൾ













മകരം തിരുനാൾ 2022 മകരം തിരുനാൾ 2022 മകരം തിരുനാൾ 2022 മകരം തിരുനാൾ 2022 മകരം തി

## വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ – ഊട്ടുനേർച്ച ഒരുക്കം





## അഭിനന്ദനങ്ങൾ



ഡോ. റോയി ജോസഫ്
അവഗത് അവാർഡ്
ജേതാവ്



ശ്രീമതി സിനി
കൊടുപ്പുന്നപോളയ്ക്കൽ
BA R.Sc. II Rank



ശ്രീ. ജോസഫ് ജോസ്
നീലത്തുംമുക്കിൽ
MA R.Sc. High First Class



അമൽ സോണി കരിമറ്റം
SMYM സംസ്ഥാന കലോത്സവം
ലളിതഗാനം ഫസ്റ്റ്

# വിശ്വാസോത്സവം 2022














പാറേൽ പള്ളിയിലേക്ക് നടന്ന കുരിശിന്റെ വഴിയിൽ നിന്നും

## നന്ദി...

**2020–22 വർഷങ്ങളിൽ ശുശ്രൂഷ ചെയ്ത് സ്ഥാനമൊഴിയുന്ന കൈക്കാരന്മാർക്ക് ഇടവക കുടുംബത്തിന്റെ നന്ദി**



വിന്നിച്ചൻ കല്ലൂക്കളം



ജോർജ്ജുകുട്ടി വാരണത്ത്



ജോണി കണ്ടങ്കരി



ആന്റണി ആന്റണി പുന്നശ്ശേരി



തോമസ് കെ. ആന്റണി കാട്ടടി



ഷിബിൻ ആന്റണി കറുകയിൽ

## സ്വാഗതം...

**2022–23 വർഷത്തിലേക്ക് കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ...**

*In Loving Memory of*



**Mar Charles Lavigne**

## JOSE ELECTRICALS

T.B. Road, Changanacherry, Ph: 9495123056

സ്നേഹ സ്മരണയ്ക്ക്




**ജോസഫ് തോമസ്**
[14.03.2010]

**അന്നമ്മ ജോസഫ്**
[26.08.2019]

## അയ്യരുകുളങ്ങര

അങ്ങാടി, ചങ്ങനാശേരി

# സ്നേഹസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ

**കരിങ്ങട**

**ചങ്ങനാശ്ശേരി**



# സ്നേഹസ്മരണയ്ക്ക്



## ജോസഫ് ജോബ്

മരണം: 20. 09. 2000



## ത്രേസ്യാമ്മ ജോബ്

ജനനം: 18. 11. 1935
മരണം: 20. 12. 2020

## കല്ലുകളം, വാഴപ്പള്ളി

(Union Glass Emporium)



# സ്നേഹസ്മരണയ്ക്ക്





## അന്തോനിച്ചൻ

മരണം: 15.5.1954

## അന്നമ്മ ആന്റണി

മരണം: 25.4.2020



കാവാലം, പുതുപ്പറമ്പിൽ
കാവാലം നഗർ, കവല
ചങ്ങനാശ്ശേരി





# In Loving Memory of



**T.J. JOSEPH**
**(Outhakutty)**
Date of Birth: 19-10-1920
Date of Death: 12-07-2018



**MARIAMMA JOSEPH**
**(Achamma)**
Date of Birth:18-11-1930
Date of Death: 25-03-2021

"I AM THE
RESURRECTION AND THE LIFE.
THE ONE WHO BELIEVES IN ME
WILL LIVE, EVEN THOUGH
THEY DIE"


JOHN 11:25

**THALACHELLOOR HOUSE**
**VAZHAPPALLY, CHANGANACHERRY**




"ഞാനാകുന്നു പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)

# സ്നേഹസ്മരണയ്ക്ക്



## ഇ.എം. മാത്യു

മരണം: 16.04.1997



## റോസമ്മ മാത്യു

മരണം: 06.01.2018

ഇളപ്പുങ്കൽ, ചങ്ങനാശേരി




ഈശോമിശിഹായിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

നോമ്പുകാലം അവസാനിക്കുകയാണല്ലോ. ഇത് ഒരു തിരിഞ്ഞു നോട്ടത്തിന്റെ അവസരമാണ്. നമ്മുടെതന്നെ ജീവിതങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കി വന്നുപോയ കുറവുകളെ പരിഹരിച്ച് കൂടുതൽ തീക്ഷ്ണതയോടെ മുന്നേറുവാനുള്ള അവസരം, കൂടുതൽ പ്രാർത്ഥി ക്കുവാനും പരിഹാരപ്രവർത്തികളിലൂടെ ദൈവത്തോടും സഹോദര ങ്ങളോടും രമ്യതപ്പെടുവാനുമുള്ള അവസരം. നമുക്ക് കൂടുതൽ പ്രാർ ത്ഥിക്കുവാനും ദൈവത്തോട് ചേർന്നുനില്ക്കുവാനും ശ്രമിക്കാം.

നമ്മുടെ പാരിഷ് ബുള്ളറ്റിനായ 'ഇടയൻ' ഒരിക്കൽകൂടി പുറത്തി റങ്ങുകയാണ്. നമ്മുടെ ഇടവകയിൽ നടക്കുന്നതും നടന്നതുമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഇടയൻ ഇപ്രാവശ്യം പുറത്തിറക്കുന്നത്. ഇത് അനേകർക്ക് പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു. ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ഏറെ സ്നേഹത്തോടെ നേരുന്നു.

സ്നേഹപൂർവം,

**റ്റോണിയച്ചൻ**



# വികാരിയച്ചന്റെ സന്ദേശം

'സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത്
എത്ര വിശിഷ്ടവും മനോഹരവുമാകുന്നു' *(സങ്കീ. 131:1)*

ഈശോമിശിഹായിൽ ഏറെ സ്നേഹംനിറഞ്ഞവരേ,

നമ്മെ എല്ലാവരേയും തന്റെ ശരീരത്തിൽ ഒന്നാക്കുവാൻവേണ്ടി മനുഷ്യനായി അവതരിച്ച് പീഡകൾ സഹിച്ച് മരിച്ച് ഉത്ഥാനം ചെയ്ത നമ്മുടെ കർത്താവീശോമിശിഹായുടെ പെസഹാ രഹസ്യങ്ങളെ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന പീഡാനുഭവവാരത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. നോമ്പുനോക്കിയും പ്രാർഥിച്ചും ഈശോമിശിഹായുടെ പീഡാനുഭവത്തോട് നാം കൂടുതൽ താദാത്മ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ കുടുതൽ പ്രാർഥിക്കുവാനും അതുവഴി ഉത്ഥിതനായ ഈശോമിശിഹാ നല്കുന്ന സമാധാനം സ്വന്തമാക്കുവാനും നിങ്ങൾക്കെല്ലാവർക്കും സാധിക്കട്ടെ എന്ന് പ്രാർഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

നമ്മുടെ ഇടവകയുടെ കൂട്ടായ്മയുടെ അടയാളമാണ് 'ഇടയൻ'. പ്രതിസന്ധികളുടെ നടുവിലും നമ്മുടെ മകരംതിരുനാൾ ഏറ്റവും ഭംഗിയായി നടത്തുവാൻ നമുക്ക് സാധിച്ചു. നമ്മുടെ ഇടവകയുടെ കൂട്ടായ്മയും ആദ്ധ്യാത്മിക ചൈതന്യവും പ്രകാശിപ്പിച്ച വലിയ ഒരു അവസരമായിരുന്നു നമ്മുടെ തിരുനാൾ കർമങ്ങളും പ്രദക്ഷിണവുമെല്ലാം. ഇതിനായി അദ്ധ്വാനിച്ച എല്ലാവരേയും വളരെ പ്രത്യേകമായി കൈക്കാരന്മാർ, ജനറൽ കൺവീനർസ്, പാരിഷ് കൗൺസിൽ അംഗങ്ങൾ, കൂട്ടായ്മ ലീഡേഴ്സ്, സംഘടനാഭാരവാഹികൾ, മതാധ്യാപകർ, ദൈവാലയശുശ്രൂഷികൾ, ഗായകസംഘം തുടങ്ങിയവരെ ഏറെ സ്നേഹത്തോടും നന്ദിയോടുംകൂടെ ഓർക്കുകയും വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥ്യം ഇവരുടെയും കുടുംബങ്ങളുടെയുംമേൽ ഉണ്ടാകട്ടെ എന്ന്

പ്രാർഥിക്കുകയും ചെയ്യുന്നു.

മാർച്ച് 19 വി. യൗസേപ്പുപിതാവിന്റെ മരണത്തിരുനാളിനോട് അനുബന്ധിച്ചുള്ള ചടങ്ങുകൾ ചന്തക്കടവ് തിരുക്കുടുംബദൈവാലയത്തിൽവച്ച് വളരെ മനോഹരമായി ആഘോഷിക്കുവാൻ നമുക്കു സാധിച്ചു. തിരുനാളിനോടനുബന്ധിച്ചുള്ള ഊട്ടുനേർച്ചയ്ക്കും മറ്റും ധാരാളം ആളുകൾ പങ്കെടുക്കുകയും വി. യൗസേപ്പുപിതാവിന്റെ മദ്ധ്യസ്ഥ്യം തേടുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തു. ഈ തിരുനാൾ കർമങ്ങൾ ഏറെ മനോഹരമാക്കിയ എല്ലാവരേയും പ്രത്യേകിച്ച് കമ്മിറ്റി അംഗങ്ങളെ നന്ദിയോടെ ഓർക്കുന്നു.

നല്ല നേതൃത്വമാണ് എപ്പോഴും നേട്ടങ്ങൾ കൊയ്യുവാൻ സഹായിക്കുന്നത്. കോവിഡ് പ്രതിസന്ധികളുടെ നടുവിലും നമുക്ക് ഏറെ കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചത് നല്ല ഒരു നേതൃത്വം നമുക്ക് ഉണ്ടായിരുന്നതുകൊണ്ടാണ്. ഈ കഴിഞ്ഞ രണ്ടുവർഷക്കാലം നമ്മുടെ ഇടവകയുടെ കൈക്കാരന്മാരായി ശുശ്രൂഷ ചെയ്ത ബഹുമാനപ്പെട്ട ശ്രീ. ജോണി കണ്ടങ്കരി, ശ്രീ. ജോർജുകുട്ടി വാരണത്ത്, ശ്രീ. വിന്നിച്ചൻ കല്ലൂക്കളം എന്നിവർ ശുശ്രൂഷാ കാലാവധി പൂർത്തിയാക്കിരിക്കുകയാണ്. ഈ കഴിഞ്ഞ വർഷങ്ങൾ വളരെ പ്രതിസന്ധി നിറഞ്ഞതായിരുന്നെങ്കിലും ഇവരുടെ നേതൃത്വത്തിൽ ഒരുപാട് ആത്മീയ, ഭൗതിക നേട്ടങ്ങൾ സ്വന്തമാക്കുവാൻ നമ്മുടെ ഇടവകയ്ക്ക് കഴിഞ്ഞു. ഇതിനെല്ലാം ദൈവത്തിന് നന്ദി പറയുന്നു. നിസ്തുലമായ ശുശ്രൂഷകൾ ചെയ്ത കൈക്കാരന്മാരെ അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. പുതിയ കൈക്കാരന്മാരായി ശുശ്രൂഷ ആരംഭിച്ച ശ്രീ. ആന്റണി ആന്റണി പുന്നശ്ശേരിക്കും, ശ്രീ. തോമസ് കെ. ആന്റണി കാട്ടടിക്കും, ശ്രീ. ഷിബിൻ ആന്റണി കറുകയിലിനും എല്ലാവിധ മംഗളങ്ങളും പ്രാർഥനയും നേരുന്നു. കോവിഡ് പ്രതിസന്ധികൾക്കുനടുവിലും നമ്മുടെ ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കാൻ നമ്മുടെ വൈദികർ എത്തുന്നത് വളരെ സന്തോഷം നല്കുന്ന ഒന്നാണ്. നമ്മുടെ അജപാലനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഈ സന്ദർശനങ്ങൾ ഏറെ സഹായകമാവുന്നുണ്ട്.

ഈശോയുടെ പെസഹാ രഹസ്യങ്ങൾ ആഘോഷിക്കുന്ന പീഡാനുഭവവാരത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ നമുക്ക് നമ്മെത്തന്നെ കൂടുതൽ ഒരുക്കുവാൻ ശ്രമിക്കാം. 'നോമ്പിൻസാരം ഭോജ്യങ്ങൾ വെടിയുക മാത്രവുമല്ല' എന്ന ബോധ്യത്തോടെ നമ്മിലുള്ള കോപവും അസൂയയും എല്ലാം ഉപേക്ഷിച്ച് കൂടുതൽ തീക്ഷ്ണമായി പ്രാർഥിക്കാൻ നമുക്ക് ശ്രമിക്കാം. ഉത്ഥിതനായ ഈശോ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

**ഫാ. ജോസ് കൊച്ചുപറമ്പിൽ** (വികാരി)




# ഈശോ
## പുനരുത്ഥാനവും നിത്യജീവനും

**സി. തെരേസ നടുപ്പടവിൽ** SABS



സ്നേഹിതനായ ലാസർ രോഗിയായെന്നും, പിന്നീട് അയാൾ മരിച്ചു എന്നും അറിഞ്ഞിട്ടും അയാളെ സന്ദർശിക്കാനെത്താതിരുന്ന ഈശോ, അയാൾ മരിച്ചുകഴിഞ്ഞ് നാലുദിവസങ്ങൾക്കുശേഷമാണ് ബഥാനിയായിലെ അയാളുടെ ഭവനത്തിലെത്തുന്നത് (യോഹ 11:6, 17). അവിടെ തന്റെ സങ്കടം പറഞ്ഞും വിശ്വാസം ഏറ്റുചൊല്ലിയും നിൽക്കുന്ന മർത്തായോട് ഈശോ ആ രഹസ്യം വെളിപ്പെടുത്തി: ''ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'' (യോഹ 11:25). ''പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു'' എന്ന് അനുദിനവും നാം ഏറ്റുപറയുന്നത് പുനരുത്ഥാനവും ജീവനുമായ ഈ ഈശോയെക്കുറിച്ചാണ്. ഈശോയുടെ ഉയിർപ്പുതിരുനാളാഘോഷിക്കുന്ന ഈയവസരത്തിൽ അവിടുത്തെ പുനരുത്ഥാനത്തെക്കുറിച്ചും നമ്മുടെ ഉയിർപ്പിനെക്കുറിച്ചുമുള്ള ചിന്തകളാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

## മിശിഹായുടെ രക്ഷാകരമരണം

ഉത്ഥാനചിന്തകൾ മരണത്തിന്റെ ചിന്തകളുമായി ബന്ധപ്പെട്ടിരിക്കുന്നു. പാപത്തിന്റെ ഫലമാണ് മരണം എന്ന് വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നുണ്ട് (ഉൽപ്പ 2:17; റോമാ 6:23). ലാസറിന്റെ മരണം മേൽപ്പറഞ്ഞ തരത്തിലുള്ളതും എല്ലാ ജീവജാലങ്ങൾക്കും സ്വാഭാവികമായുള്ളതുമാണ്. അങ്ങനെയെങ്കിൽ, നിത്യനായ ദൈവത്തിന്റെ പുത്രൻ മരണം സ്വീകരിച്ചത് എന്തിനാണ് എന്ന ചോദ്യത്തിനു സാംഗത്യമുണ്ട്. ദൈവമായതുകൊണ്ട് ഈശോ യഥാർഥത്തിൽ മരിച്ചില്ല എന്നു വാദിക്കുന്നവരും ഈശോ ദൈവമല്ല, ഉന്നതനായ സൃഷ്ടി മാത്രമാണ് എന്നു വാദിച്ചുകൊണ്ട്, ഈശോ പുനരുത്ഥാനം ചെയ്തിട്ടില്ല എന്നു ചിന്തിക്കുന്നവരും അന്നു മുതലിന്നോളം ഉണ്ടായിട്ടുണ്ട്. ഈശോയുടെ മരണശേഷം ശ്ലീഹന്മാർതന്നെയും അവിടുത്തെ ഉത്ഥാനത്തിൽ സംശയിച്ചു എന്നു വിശുദ്ധ ഗ്രന്ഥം തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ.

എന്നാൽ, ഈശോയുടെ മരണം പാപത്തിന്റെ ഫലമായ മരണമായിരുന്നില്ല; മറിച്ച്, അത് മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവിക പദ്ധതിയുടെ ഭാഗമായിരുന്നു. ഏകവും അന്തിമവുമായ പാപപ്പരിഹാരബലി ആയിരുന്നു ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ (യോഹ 1:29) ഈശോയുടെ മരണം. തന്റെ മരണത്തെക്കുറിച്ച്, 'മനുഷ്യപുത്രനെക്കുറിച്ച് പ്രവാചകന്മാർ വഴി എഴുതപ്പെട്ടതെല്ലാം പൂർത്തിയാകും' എന്നും 'മനുഷ്യപുത്രൻ വധിക്കപ്പെടും' ഈശോതന്നെ പ്രവചിക്കുന്നതു സുവിശേഷത്തിൽ പല പ്രാവശ്യം നാം വായിക്കുന്നുണ്ട് (മത്താ 20:17-19; മർക്കോ 10:303-34; 17:22-23; ലൂക്കാ 18:31-34). ''നാം ബലഹീനരായിരിക്കേ, നിർണയിക്കപ്പെട്ട സമയത്തു മിശിഹാ പാപികൾക്കുവേണ്ടി മരിച്ചു'' (റോമാ 5:6) ''നാം പാപികളായിരിക്കേ മിശിഹാ നമുക്കുവേണ്ടി മരിച്ചു'' (റോമാ 5:8) എന്നു പൗലോസ്ശ്ലീഹായും ഈ രക്ഷാകരമരണത്തെക്കുറിച്ചു നമ്മെ പഠിപ്പിക്കുന്നു. ''നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിന് ഏൽപ്പിക്കപ്പെടുകയും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്ത നമ്മുടെ കർത്താവായ ഈശോ'' (റോമാ 4:25) എന്ന പൗലോസ് ശ്ലീഹായുടെ പ്രബോധനത്തോടു ചേർന്ന്, ''ഈശോ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു എന്ന് പുതിയ നിയമം കൂടെക്കൂടെ പ്രസ്താവിക്കുമ്പോൾ, അവിടുന്നു തന്റെ പുനരുത്ഥാനത്തിനുമുമ്പ് മൃതരുടെ വാസസ്ഥലത്തു വസിച്ചു എന്ന കാര്യം മുൻകൂട്ടി സങ്കൽപ്പിക്കുന്നു'' എന്ന് കത്തോലിക്കാസ



ഈശോ തന്റെ മരണംവഴി നമ്മെ പാപത്തിൽ നിന്നു മോചിക്കുന്നു; തന്റെ പുനരുത്ഥാനംവഴി പുതിയൊരു ജീവനിലേയ്ക്കുള്ള മാർഗം നമുക്കായി തുറന്നു തരികയും ചെയ്യുന്നു. അങ്ങനെ അവിടുത്തെ രക്ഷാകരമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഫലം തിരുസ്സഭയിലെ നവജനനത്തിലൂടെ നാം അനുഭവിച്ചുതുടങ്ങുകയാണ്.

ഭയുടെ മതബോധനഗ്രന്ഥം (CCC 632) നമ്മെ പഠിപ്പിക്കുന്നു.

ഈശോയുടെ മരണം അവിടുത്തെ ഭൗമികമായ മനുഷ്യാസ്തിത്വത്തിനു അവസാനം കുറിച്ച യഥാർഥ മരണമായിരുന്നു. അതു പാപത്തിന്റെ ഫലമായ മരണമായിരുന്നില്ല എന്നു മാത്രമല്ല, നമ്മുടെ മരണത്തിൽ സംഭവിക്കുന്നതുപോലെ, ഈശോയുടെ മൃതശരീരം ജീർണിക്കലിനു വിധേയവുമായിരുന്നില്ല. ലാസറിന്റെ കാര്യത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന, മൃതനായ വ്യക്തി നാലാം ദിവസം ജീർണിച്ചുതുടങ്ങുന്നു എന്ന യഹൂദസങ്കല്പം (യോഹ 11:39) കണക്കിലെടുത്തുകൊണ്ട്, അവിടുന്നു മൂന്നാം ദിവസം ഉയിർത്തു എന്ന് സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നതും അതുകൊണ്ടാണ്. ഇക്കാര്യം സങ്കീർത്തകൻ പ്രവചനരൂപേണ തന്റെ പ്രാർഥനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു: ''അവിടുന്ന് എന്നെ പാതാളത്തിൽ തള്ളുകയില്ല; അങ്ങയുടെ പരിശുദ്ധൻ ജീർണിക്കാൻ അനുവദിക്കുകയുമില്ല'' (സങ്കീ 16:10).

## മിശിഹായുടെ ഉയിർപ്പ്

മിശിഹായുടെ മരണമെന്നപോലെ, അവിടുത്തെ പുനരുത്ഥാനവും ഒരു യഥാർഥ സംഭവമാണ്. പുനരുത്ഥാനത്തെ സംബന്ധിച്ചും അനേകം പ്രവചനങ്ങൾ പഴയനിയമത്തിലുണ്ട്. ''രണ്ടു ദിവസത്തിനുശേഷം അവിടുന്നു നമുക്കു ജീവൻ തിരിച്ചുതരും; മൂന്നാംദിവസം അവിടുന്നു നമ്മെ ഉയിർപ്പിക്കും'' എന്ന ഹോസിയ പ്രവാചകന്റെ പ്രത്യാശാവചനം അതിനുദാഹരണമാണ് (ഹോസി 6:2). ''പിതാക്കന്മാർക്കു നൽകിയിരിക്കുന്ന വാഗ്ദാനം ഈശോയെ ഉയിർപ്പിച്ചുകൊണ്ട് ദൈവം മക്കളായ നമുക്കു നിറവേറ്റിത്തന്നു എന്നു പ്രഖ്യാപിച്ചുകൊണ്ട് പൗലോസ് ശ്ലീഹായും ഈശോയുടെ ഉയിർപ്പിനെക്കുറിച്ചുള്ള പഴയനിയമപ്രവചനങ്ങളെ സ്ഥിരീകരിക്കുന്നു (അപ്പ 13:33).

എന്നാൽ ഈ പ്രവചനങ്ങൾ മാത്രമല്ല, ഉയിർപ്പിന്റെ തെളിവുകൾ.

പുതിയ നിയമത്തിന്റെ സാക്ഷ്യം ചരിത്രപരമാണ്. ശൂന്യമായ കബറിടം പുനരുത്ഥാനമെന്ന യാഥാർഥ്യത്തെ തിരിച്ചറിയുന്നതിനുള്ള ഒന്നാമത്തെ പടിയായിരുന്നു. പിന്നീട് മഗ്ദലനാമറിയവും മറ്റു ഭക്തസ്ത്രീകളുമായിരുന്നു ഉത്ഥിതനായ ഈശോയെ ആദ്യമായി കണ്ടത് (മർക്കോ 16:1; ലൂക്കാ 24:1; യോഹ 19:31, 42). അതിനുശേഷം അപ്പസ്തോലന്മാർക്ക്, അതായത് ആദ്യം പത്രോസ്ശ്ലീഹായ്ക്കും പിന്നീടു മറ്റുള്ളവർക്കും പ്രത്യക്ഷപ്പെട്ടു. അങ്ങനെ ആദിമ ക്രിസ്ത്യാനികളുടെ വിശ്വാസം സഭയുടെ അടിസ്ഥാനശിലകളായ ശ്ലീഹന്മാരുടെ സാക്ഷ്യത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു എന്നു തെളിയുന്നുണ്ട്. പൗലോസ്ശ്ലീഹാ ഉത്ഥിതനായ ഈശോയുടെ പ്രത്യക്ഷപ്പെടലുകളെക്കുറിച്ചു വിവരിക്കുകയും തനിക്കും ഉത്ഥിതനായ കർത്താവിനെ കാണാൻ സാധിച്ചു എന്ന് അഭിമാനപൂർവം അനുസ്മരിക്കുകയും ചെയ്യുന്നുണ്ട് (1 കോറി 15:3-9). 'ഉയിർത്തെഴുന്നറ്റ കർത്താവ്' ആയിരുന്നു ശ്ലീഹന്മാരുടെ പ്രഘോഷണത്തിന്റെയും ആദിമക്രൈസ്തവരുടെ വിശ്വാസത്തിന്റെയും കേന്ദ്രം. അതുകൊണ്ട് അവർ തങ്ങളുടെ വിശ്വാസം ഇപ്രകാരം ഉദ്ഘോഷിച്ചു: ''കർത്താവ് യഥാർഥത്തിൽ ഉത്ഥാനം ചെയ്തു; ശിമയോനു കാണപ്പെടുകയും ചെയ്തു'' (ലൂക്കാ 24:34, 36).

തന്റെ മരണത്തിനുമുമ്പുതന്നെ, തന്റെ മരണത്തെക്കുറിച്ചും ഉയിർപ്പിനെക്കുറിച്ചും ശ്ലീഹന്മാരോടു പറഞ്ഞിരുന്നതും, താൻ ഉയിർത്തെഴുന്നേറ്റ ആ സായാഹ്നത്തിൽ ഈശോ തന്നെത്തന്നെ വെളിപ്പെടുത്തി, ''ഉയിർപ്പിക്കപ്പെട്ടതിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതുനിമിത്തം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും അവിടുന്നു കുറ്റപ്പെടുത്തി'' (മർക്കോ 16:14) എന്നതും സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നു. തോമ്മാശ്ലീഹായും ഗുരുവിന്റെ ഉയിർപ്പിനെക്കുറിച്ചുള്ള സംശയത്തിന്റെ നിഴലിലായി എന്നതും, അവിടുന്ന് തോമ്മാശ്ലീഹായ്ക്ക് തന്റെ ഉത്ഥിതശരീരം സ്പർശിച്ചു വിശ്വസിക്കുന്നതിനു അവസരം നൽകി എന്നതും മിശിഹായുടെ പുനരുത്ഥാനം അപ്പസ്തോലന്മാർ കെട്ടിച്ചമച്ച ഒരു കഥയല്ല എന്നു സ്ഥിരീകരിക്കുന്നുണ്ട്.

## മരിച്ചവരെ ഉയിർപ്പിക്കുന്ന അത്ഭുതങ്ങളും ഈശോയുടെ ഉത്ഥാനവും

ഈശോ മരിച്ചവരെ ഉയിർപ്പിക്കുന്ന സുവിശേഷവിവരണങ്ങൾ നമുക്കു പരിചിതമാണ്. മരിച്ചുപോയ ലാസറിനെയും ജായ്റോസിന്റെ പുത്രിയെയും നായിനിലെ വിധവയുടെ മകനെയും ജീവിതത്തി



ഈശോയുടെ മരണം
അവിടുത്തെ ഭൗമികമായ
മനുഷ്യാസ്തിത്വത്തിനു അവസാനം
കുറിച്ച യഥാർഥ മരണമായിരുന്നു.
അതു പാപത്തിന്റെ ഫലമായ
മരണമായിരുന്നില്ല എന്നു മാത്രമല്ല,
നമ്മുടെ മരണത്തിൽ സംഭവിക്കുന്ന
തുപോലെ, ഈശോയുടെ മൃതശരീരം
ജീർണിക്കലിനു
വിധേയവുമായിരുന്നില്ല.

ലേയ്ക്കു തിരകെക്കൊണ്ടുവരുന്നത് ഈശോ പ്രവർത്തിച്ച വലിയ അത്ഭുതങ്ങളാണ്. അവർ ജീവിതത്തിലേയ്ക്കു തിരികെവന്നു എന്നതു ശരിയാണെങ്കിലും അവർ വീണ്ടും മരണപ്പെട്ടു. എന്നാൽ ഈശോ മിശിഹായുടെ ഉത്ഥാനത്തിൽ ഒരു ഭൗമികശരീരമല്ല അവിടുന്നു സ്വീകരിച്ചത്. ഉയിർത്തെഴുന്നേറ്റ ഈശോയുടെ ശരീരം സ്പർശം, ഭക്ഷണത്തിൽ പങ്കുചേരൽ എന്നിവ വഴിയും പീഡാസഹനത്തിന്റെ അടയാളങ്ങൾ പ്രകടമാക്കിയും തന്റെ യഥാർഥ ശരീരം തന്നെയെന്നു തെളിയിക്കുമ്പോഴും ഈ യഥാർഥശരീരം മഹത്വപൂർണമായ ശരീരത്തിന്റെ ഗുണങ്ങളും പ്രകടമാക്കുന്നുണ്ട്. സ്ഥലകാലങ്ങളുടെ പരിമിതിയില്ലാത്തതും എപ്പോൾ, എവിടെ പ്രത്യക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്നുവോ അതുപോലെ പ്രത്യക്ഷപ്പെടാൻ കഴിവുള്ളതുമാണ് ഉത്ഥിതന്റെ ശരീരം. എന്നു പറഞ്ഞാൽ, മേൽപ്പറഞ്ഞ ഉയിർപ്പിന്റെ അത്ഭുതങ്ങളിലെന്നപോലെ, ഭൗമികമായ ഒരു ശരീരത്തിൽ, ഭൗമികമായ ഒരു ജീവിതത്തിലേയ്ക്ക്് മാത്രമുള്ള തിരിച്ചുവരവായിരുന്നില്ല ഈശോയുടേത്. അതു മഹത്വപൂർണമായ ശരീരമാണ്. നമ്മുടെ ശരീരങ്ങളുടെ ഉയിർപ്പിലും നമുക്കു ലഭിക്കുന്നത് ഭൗമികശരീരമല്ല എന്നു പുതിയ നിയമം വ്യക്തമാക്കുന്നുണ്ട്. ''നാം കബറിടത്തിൽ ക്ഷയോന്മുഖമായ ശരീരം വിതയ്ക്കുന്നു; എന്നാൽ അക്ഷയമായ ഒരു ശരീരം, 'ആധ്യാത്മികശരീരം ഉയിർക്കുന്നു'' എന്ന് പൗലോസ്ശ്ലീഹായുടെ വചനങ്ങളെ ആധാരമാക്കി (1 കോറി 15:42-44) സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത് (CCC 1017) നമ്മുടെ വിശ്വാസത്തിലെ സുപ്രധാനമായ ഒരു സത്യമാണ്.

ഈശോയുടെ ഉത്ഥാനം എന്ന രഹസ്യത്തെ അവിടുത്തെ സ്വന്തം പ്രവൃത്തി എന്ന നിലയിലല്ലാതെ 'ഉയിർപ്പിക്കപ്പെട്ടു' (ഉദാ. അപ്പ 2:24; 13:30, 33) എന്ന നിലയിലും വിശുദ്ധ ഗ്രന്ഥം അവതരിപ്പിക്കുന്നുണ്ട്.

യഥാർഥത്തിൽ പരി. ത്രിത്വത്തിലെ മൂന്നു വ്യക്തികളും താന്താങ്ങളുടെ സവിശേഷതകൾ പ്രകടിപ്പിച്ചുകൊണ്ടു ഒരാളെന്നപോലെ ഉത്ഥാനരഹസ്യത്തിൽ ഒരുമിച്ചു പ്രവർത്തിക്കുന്നതുകൊണ്ടാണത്. പിതാവായ ദൈവത്തിന്റെ ശക്തി അവിടുത്തെ പുത്രനായ മിശിഹായെ ഉയിർപ്പിച്ചു. അങ്ങനെ പുത്രനായ ദൈവത്തിന്റെ മനുഷ്യത്വത്തെ, അവിടുത്തെ ശരീരം ഉൾപ്പെടെ ത്രിത്വത്തിലേയ്ക്ക് ഉൾച്ചേർക്കപ്പെട്ടു. പുത്രനാകട്ടെ തന്റെ ദൈവികശക്തിയാൽ തന്റെ തന്നെ പുനരുത്ഥാനം യാഥാർഥ്യമാക്കി. പരിശുദ്ധാത്മാവാകട്ടെ, ഈശോയുടെ മൃതമായ മനുഷ്യത്വത്തിനു ജീവൻ നൽകുകയും മഹത്വത്തിന്റെ പൂർണതയിലേയ്ക്കു വിളിക്കുകയും ചെയ്തു (CCC 648).

## മിശിഹായുടെ ഉയിർപ്പ് – നമ്മുടെ ഉയിർപ്പിന്റെയും നിത്യജീവിതത്തിന്റെയും ഉറപ്പ്

ഈശോ തന്റെ മരണംവഴി നമ്മെ പാപത്തിൽ നിന്നു മോചിക്കുന്നു; തന്റെ പുനരുത്ഥാനംവഴി പുതിയൊരു ജീവനിലേയ്ക്കുള്ള മാർഗം നമുക്കായി തുറന്നുതരികയും ചെയ്യുന്നു. അങ്ങനെ അവിടുത്തെ രക്ഷാകരമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഫലം തിരുസ്സഭയിലെ നവജനനത്തിലൂടെ നാം അനുഭവിച്ചുതുടങ്ങുകയാണ്. കൂദാശകളിലൂടെ, പ്രത്യേകിച്ചും, മാമോദീസായിലൂടെ നമ്മുടെ മരണത്തിനു കാരണമായ ഉത്ഭവപാപത്തിൽ നിന്നും മോചിക്കപ്പെട്ട് നാം ദൈവത്തിന്റെ മക്കളും നിത്യജീവനവകാശികളുമാകുന്നു. കുമ്പസാരത്തിലൂടെ നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുന്നു. പരിശുദ്ധ കുർബാനയിൽ അവിടുത്തെ ശരീരത്താൽ പരിപോഷിപ്പിക്കപ്പെടുകയും ഉത്ഥാനജീവിതത്തിന്റെ അനുഭവത്തിലേയക്കു ഇവിടെവച്ചുതന്നെ പ്രവേശിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഭാവിയിലുള്ള നമ്മുടെ ഉയിർപ്പിന്റെ മൂലകാരണവും ഉറപ്പും മിശിഹായുടെ പുനരുത്ഥാനമാണ്. തന്റെ ഉത്ഥാനംവഴി മിശിഹാ നമുക്കായി സ്വർഗം തുറന്നു. അതിനാൽ, ആദംവഴി എല്ലാവരും മരണാധീനരായെങ്കിലും, മിശിഹായിൽ നാമെല്ലാവരും പുനർജീവിക്കും (1 കോറി 15:20–22).

നമ്മുടെ ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഉള്ള വിശ്വാസം നാം ഏറ്റുചൊല്ലുമ്പോൾ, വിശുദ്ധ അഗസ്റ്റിന്റെ ഉപദേശം നമുക്കു ആത്മാർഥതയോടെ സ്വീകരിക്കാം: ''നിന്റെ വിശ്വാസപ്രമാണം നിനക്ക് ഒരു കണ്ണാടിപോലെയാകട്ടെ. നീ വിശ്വസിക്കുന്നു എന്നു നീ പറയുന്ന എല്ലാം നീ വിശ്വസിക്കുന്നുണ്ടോ എന്നു കാണാൻ നീ നിന്നെത്തന്നെ അതിൽ നോക്കിക്കാണുക. ഓരോ ദിവസവും നിന്റെ വിശ്വാസത്തിൽ സന്തോഷിക്കുകയും ചെയ്യുക'' (Sermo 58,11,13). ●



# ഇടവക വാർത്തകൾ

## മിഷൻലീഗ്

മറ്റുള്ളവരേക്കാൾ അധികമായി ഈശോയെ സ്നേഹിക്കുക, അതുപോലെ തന്നെ സഹോദരങ്ങളെ സ്നേഹിക്കുക, എന്ന് ആഗ്രഹിച്ച വി. കൊച്ചുത്രേസ്യയാണ് മിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥ. തന്റെ ജീവിതത്തിലെ സഹനങ്ങളെ ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിച്ച വിശുദ്ധയെപോലെ ആയിരിക്കുന്ന ഇടങ്ങളിൽ പ്രാർത്ഥനയും പ്രവർത്തനവുംവഴി ഈശോയിലേയ്ക്ക് സ്വയം അടുക്കുക, മറ്റുള്ളവരെ അടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ അംഗങ്ങൾ പ്രവർത്തിക്കുന്നു.

### പ്രവർത്തന വർഷ ഉദ്ഘാടനം

12.6.2021 ൽ അതിരൂപതാ പ്രവർത്തനവർഷ ഓൺലൈൻ ഉദ്ഘാടനകർമ്മത്തിൽ ജോയിന്റ് ഡയറക്ടറും കുട്ടികളുടെ ഭാരവാഹികളും പങ്കെടുത്തു. ഇടവകതല പ്രവർത്തനവർഷ ഉദ്ഘാടനം 13.6.2021 ൽ പരി. കുർബാനയ്ക്കുശേഷം അസി. വികാരി ഫാ. റ്റോം മാളിയേക്കൽ നിലവിളക്ക് തെളിച്ച് നിർവ്വഹിച്ചു. ജോയിന്റ് ഡയറക്ടർ, ഓർഗനൈസിംഗ് പ്രസിഡന്റ്, യൂണിറ്റ് പ്രസിഡന്റ് എന്നിവർ സംബന്ധിച്ചു. ഫൊറോനാ പ്രവർത്തനവർഷ ഉദ്ഘാടനത്തിലും പങ്കാളിത്തം ഉണ്ടായിരുന്നു.

### പ്രവർത്തനങ്ങൾ

ചെറുപുഷ്പമിഷൻലീഗിന്റെ സജീവശാഖയായി നമ്മുടെ കുഞ്ഞുങ്ങൾ പ്രവർത്തിക്കുകയും എല്ലാ ശനിയാഴ്ചകളിലും ഒന്നിച്ചുകൂടി പ്രാർത്ഥിച്ചും പഠിച്ചും അനുഭവങ്ങൾ പങ്കുവച്ചും മറ്റുള്ളവർക്ക് മാതൃകയായി മുന്നേറുന്നു. കൊവിഡ് മഹാമാരിയുടെ ഈ കാലത്തും സംഘടനയിലെ സജീവാംഗങ്ങൾ പരി. കുർബാനയിൽ പങ്കെടുക്കു

കയും ഈ മഹാമാരിയിൽ നിന്ന് ലോകം മുഴുവനേയും രക്ഷിക്കണമേയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. 10/10/2021 ൽ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനവും പതാകയുയർത്തലും നടത്തി. ഡയറക്ടർ ഫാ. അലൻ വെട്ടുകുഴിയിൽ, വാഴപ്പള്ളി സൺഡേസ്കൂൾ ഡയറക്ടർ ഫാ. റ്റോം മാളിയേക്കൽ എന്നിവർ നിലവിളക്ക് തെളിച്ച് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. പ്രസിഡന്റ് സാവിയോ ബിജു പതാക ഉയർത്തി. എച്ച്.എം. സോണി സാർ, അദ്ധ്യാപകർ, കുഞ്ഞുമിഷണറിമാർ എന്നിവരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഇടവകതലത്തിൽ സംഘടിപ്പിച്ച ഓൺലൈൻ ബത്‌ലഹേം മീറ്റിലും ഫൊറോനാ, അതിരൂപത സെമിനാറുകളിലും കുട്ടികൾ പങ്കെടുക്കുന്നു. പ്ലാറ്റിനം ജൂബിലിമത്സരങ്ങൾ സംഘടിപ്പിച്ച് വിജയികളായവർക്ക് സമ്മാനം നൽകി. മിഷനെ അറിയുക എന്ന ലക്ഷ്യം മുന്നിൽകണ്ട്, കുഞ്ഞുമിഷനറിമാരുടെ സഹകരണത്തോടെ മിഷൻവോയ്സ് പത്രം തയ്യാറാക്കി. മാതാവിന്റെ തിരുനാളുകൾ, ക്രിസ്തുമസ്സ് എന്നിവയോടനുബന്ധിച്ച് കുട്ടികൾക്കായി ഓൺലൈൻ കലാമത്സരങ്ങൾ സംഘടിപ്പിച്ച് അവർക്കു വേണ്ട പ്രോത്സാഹനം നൽകി. ഫൊറോനാ തലത്തിൽ സംഘടിപ്പിച്ച പ്ലാറ്റിനം ജൂബിലി മെഗാക്വിസ്സിൽ ജൂണിയർ വിഭാഗത്തിൽ ജോയൽ ജോസഫ് കുരിശുംമൂട്ടിൽ ഒന്നാംസ്ഥാനവും സീനിയർ വിഭാഗത്തിൽ സ്റ്റെഫി സോജി തുണ്ടിയിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പ്രിയപ്പെട്ട കുട്ടികൾക്ക് ഡയറക്ടറച്ചനും ഹെഡ്മാസ്റ്ററും സമ്മാനം നൽകുകയും അഭിനന്ദനങ്ങൾ നേരുകയും ചെയ്തു. ജോയൽ ജോസഫ് അതിരൂപതാ മത്സരത്തിലും പങ്കെടുത്തു. മണ്ണിൽ പടർന്നു പന്തലിച്ച മുന്തിരിച്ചെടി പോലെ, നമ്മുടെ കുഞ്ഞുമിഷനറിമാരും, ശാഖോപശാഖകളായി വളർന്ന് ഇടവകയാകുന്ന കുടുംബത്തിന് അനുഗ്രഹമായി മാറട്ടെ.

## അൾത്താര ബാലസഖ്യം

പരിശുദ്ധ കുർബാനയിൽ മദ്ബഹാ ശുശ്രൂഷികൾ മാലാഖമാരുടെ സ്ഥാനമാണ് വഹിക്കുന്നത്. സഭയുടെ തിരുപ്പട്ടത്തിന്റെ ക്രമമനുസരിച്ച് മ്ശംശാനമാരുടെ സ്ഥാനം വഹിക്കുന്ന മദ്ബഹാ ശുശ്രൂഷികൾ താങ്കളുടെ സ്ഥാനത്തിന്റെ മഹാത്മ്യം അനുസരിച്ച് ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടി മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്നു.

അൾത്താര ബാലസഖ്യം ഡയറക്ടർ ബഹു. മാത്യു കരികണ്ടത്തിൽ അച്ചന്റെ നേതൃത്വത്തിൽ 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന അൾത്താരബാലന്മാർ സജീവമായി നമ്മുടെ ഇടവകയിൽ ശുശ്രൂഷ ചെയ്തുവരുന്നു.

## നേതൃനിര

ഈ അദ്ധ്യയനവർഷം ആരംഭം മുതൽ അൾത്താര ബാലസഖ്യം ഡയറക്ടറായി ശുശ്രൂഷ ചെയ്ത് സ്ഥലം മാറിപ്പോയ ബഹു. ജോസഫ് ഇളംതുരുത്തി അച്ചനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. പുതിയതായി ചാർജ് എടുത്ത ബഹു. മാത്യു കരികണ്ടം (ടോണി) അച്ചൻ സ്തുത്യർഹമായി സേവനമനുഷ്ഠിച്ചു വരുന്നു. അതിനോടൊപ്പം നീണ്ട മൂന്നു വർഷക്കാലം അൾത്താരബാലസഖ്യം ഭാരവാഹികളായി ശുശ്രൂഷ ചെയ്ത സ്റ്റീഫൻ ജോജി (പ്രസിഡന്റ്), ഏബൽ ആന്റണി മാത്യൂസ് (വൈസ്പ്രസിഡന്റ്) എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. പുതിയ ഭാരവാഹികളായി സാവിയോ ബിജു (പ്രസിഡന്റ്), ബെനഡിക്റ്റ് മനോജ് (വൈസ് പ്രസിഡന്റ്) എന്നിവർ തെരഞ്ഞെടുക്കപ്പെടുകയും സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത് വരികയും ചെയ്യുന്നു.

## മീറ്റിങ്

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായും ഓഫ്‌ലൈനായും എല്ലാ വാരാന്ത്യത്തിലും ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ അൾത്താര ബാലസംഖ്യ മീറ്റിങ്ങുകൾ സജീവമായി നടത്തിവരുന്നു. അതാത് ആഴ്ചകളിലെ ശുശ്രൂഷകൾക്കായി മീറ്റിങ്ങുകളിൽ ലിസ്റ്റ് തയ്യാറാക്കുകയും ബഹു. അച്ചൻ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

## മകരംതിരുനാൾ

നമ്മുടെ ഇടവകയുടെ പ്രധാന തിരുനാളായ വി. സെബസ്ത്യാനോസിന്റെ മകരം തിരുനാളിന്റെ ശുശ്രൂഷകളിൽ അൾത്താരബാലന്മാർ സജീവമായി പങ്കെടുത്തു. ജനുവരി 15 മുതൽ 25 വരെ നീണ്ടുനിന്ന തിരുനാളിൽ നൊവേന, വി. കുർബാന, പ്രദക്ഷിണം എന്നിവയിൽ അൾത്താരബാലന്മാർ പ്രാർത്ഥനയോടെ ശുശ്രൂഷ ചെയ്തിരുന്നു.

## നവാഗതർക്ക് സ്വാഗതം

മദ്ബഹാ ശുശ്രൂഷകരുടെ ഗണത്തിലേക്ക് ചേരാൻ താൽപര്യമുള്ള 5 മുതലുള്ള കൊച്ചുകൂട്ടുകാരെ ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

ബഹു. മാത്യു കരിക്കണ്ടം (ടോണി)
(ഡയറക്ടർ )

സാവിയോ ബിജു വാണിയപുരയ്ക്കൽ (പ്രസിഡന്റ്)

ബെനഡിക്റ്റ് മനോജ് പാറക്കൽ (വൈസ് പ്രസിഡന്റ്)

# സൺഡേസ്കൂൾ

## രണ്ടാംടേം പരീക്ഷയും തുടർക്ലാസ്സും

സൺഡേസ്കൂൾ 1 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ രണ്ടാംടേം പരീക്ഷ ഓൺലൈൻ രീതിയിൽ 2022 ഫെബ്രുവരി 6-ാം തീയതി ഞായറാഴ്ച നടന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ നടന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ ശേഖരിക്കുന്നതിന് പള്ളിമേടയിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയുണ്ടായി. തുടർന്നുള്ള ഞായറാഴ്ചകളിൽ 1 മുതൽ 9 വരെ ക്ലാസുകൾക്ക് അടിസ്ഥാന ക്രീസ്തീയ വിശ്വാസങ്ങളും നമസ്ക്കാരങ്ങളും ചേർന്നുള്ള ക്ലാസ്സുകൾ ഓൺലൈനായി നടന്നു. മാർച്ച് 6 ഞായർ മുതൽ കുട്ടികൾക്ക് പള്ളിയിൽ വി. കുർബാനയും തുടർന്ന് ക്ലാസുകളും നടന്നു.

## എക്സിക്യൂട്ടീവ് മീറ്റിങ്

സൺഡേസ്കൂൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മീറ്റിങ് മാർച്ച് 25-ാം തീയതി വൈകിട്ട് 7.30 ന് സെന്റ് അൽഫോൻസ മീഡിയ സെന്ററിലെ സൺഡേസ്കൂൾ ഓഫീസിൽ നടന്നു. ഡയറക്ടർ റവ. ഫാ. അലൻ വെട്ടുകുഴിയിൽ അദ്ധ്യക്ഷതവഹിച്ചയോഗത്തിൽ വിശ്വാസോത്സവം 2022, വെക്കേഷൻ ബൈബിൾ ക്യാമ്പ്, അധ്യാപക പ്രാർത്ഥന കൂട്ടായ്മ, സ്റ്റാഫ് മീറ്റിംഗ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

## മാതാപിതാക്കന്മാരുടെ സമ്മേളനം

മാർച്ച് 27 ഞായറാഴ്ച 10 മണിക്കുള്ള വി. കുർബാനയെ തുടർന്ന് മാതാപിതാക്കളുടെ സമ്മേളനം നടന്നു. വികാരി പെരിയ ബഹു. ഡോ. ജോസ് കൊച്ചുപറമ്പിലച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. റവ. സി. ഗ്രേസ് SABS ക്ലാസ് നയിച്ചു. ഡയറക്ടർ റവ. ഫാ. അലൻ വെട്ടുകുഴി മാർഗ്ഗനിർദ്ദേശക പ്രഭാഷണം നടത്തുകയും ഹെഡ്മാസ്റ്റർ ഡോ. സോണി കണ്ടങ്കരി വിശ്വാസോത്സവം 2022 സംബന്ധിച്ച കാര്യങ്ങൾ വിവരിക്കുകയും ചെയ്തു.

## അഭിനന്ദനങ്ങൾ

- ചങ്ങനാശേരി ഫൊറോന മതബോധനകേന്ദ്രം സംഘടിപ്പിച്ച റവ. ഡോ. പ്ലാസിഡ് പൊടിപാറ അഖിലകേരള ആരാധനക്രമ-സഭാചരിത്ര ക്വിസ്മത്സരത്തിൽ മൂന്നാംസ്ഥാനം നേടിയ റവ.സി. ക്ലാരിസ് CMC - ശ്രീമതി സിലി ജോണി കൊടുപ്പുന്നപ്പോളക്കൽ ടീം.
- മെത്രാപ്പോലീത്തൻപള്ളിയുടെ 2022-23 വർഷത്തെ കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ജോമ്മ കാട്ടടി, ശ്രീ. ഷിബിൻ കറുകയിൽ, ശ്രീ. ആന്റണി പുന്നശ്ശേരി.

- ചങ്ങനാശേരി അതിരൂപതയുടെ അൽമായർക്കുള്ള ഉന്നതപഠനകേന്ദ്രമായ മാർത്തോമ്മാവിദ്യാനികേതനിൽനിന്നും BA (R.Sc.), 2014-2018 Batch രണ്ടാം റാങ്കോടെ വിജയിച്ച ശ്രീമതി സിലി ജോണി കൊടുപ്പുന്നപ്പോളക്കൽ.
- ലോഗോസ് ക്വിസിൽ നമ്മുടെ ഇടവകയിൽ വിവിധ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയവർ

A വിഭാഗം - നിയ ബിജു പെരുമ്പള്ളിൽ
B വിഭാഗം - സ്റ്റെഫി സോജി തുണ്ടിയിൽ
C വിഭാഗം - സൗമ്യ മാർട്ടിൻ ഇലഞ്ഞിപറമ്പിൽ
D വിഭാഗം - സിലി ജോണി കൊടുപ്പുന്നപ്പോളക്കൽ.
E വിഭാഗം - സി. ക്ലാരിസ് CMC

## വാചിക പരീക്ഷ

1 മുതൽ 9 വരെ ക്ലാസുകൾക്ക് അടിസ്ഥാനക്രിസ്തീയ വിശ്വാസസത്യങ്ങളും നമസ്കാരങ്ങളും ആസ്പദമാക്കി മാർച്ച് 27-ാം തീയതി ഞായറാഴ്ച അതതു ക്ലാസദ്ധ്യാപകർ വാചിക പരീക്ഷ നടത്തി. കുട്ടികളും അധ്യാപകരും തമ്മിലുള്ള ആത്മീയബന്ധം ശക്തിപ്പെടുത്തുകയെന്നതായിരുന്നു വാചിക പരീക്ഷയുടെ ലക്ഷ്യം.

## അധ്യാപകപ്രാർത്ഥനാ കൂട്ടായ്മ

സൺഡേസ്കൂൾ അധ്യാപകരുടെ പ്രാർത്ഥനാകൂട്ടായ്മയും മീറ്റിങ്ങും മാർച്ച് 29 ചൊവ്വാഴ്ച 4 pm ന് ശ്രീ. സണ്ണി കോയിപ്പള്ളിയുടെ ഭവനത്തിൽനടന്നു. ഡയറക്ടർ റവ. ഫാ. അലൻ വെട്ടുകുഴിയിൽ റംശാ നയിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്നു നടന്ന മീറ്റിങ്ങിൽ വിശ്വാസോത്സവം 2022, വെക്കേഷൻ ബൈബിൾ ക്യാമ്പ് എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് ചർച്ചചെയ്ത് വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## വിശ്വാസോത്സവം 2022

ക്ലാസ് 1-9 : ഏപ്രിൽ 3 മുതൽ 9 വരെ തീയതികളിൽ
ക്ലാസ് 10, 11, 12 : മെയ് 9 മുതൽ 15 വരെ തീയതികളിൽ
ജനറൽ കോഡിനേറ്റേഴ്സ്: ശ്രീ. രാജു നീലത്തുമുക്കിൽ, ശ്രീമതി വിജി കിഴക്കേഅറയ്ക്കൽ

### സെക്ഷൻ ആനിമേറ്റേഴ്സ്

ശിശുവിഭാഗം : ശ്രീമതി ബീനാ തൂമ്പുങ്കൽ
പ്രാഥമിക വിഭാഗം : സി. ഡൽന SABS
ജൂണിയർ : ശ്രീമതി സിസൺ കോട്ടയ്ക്കൽ
സീനിയർ : ശ്രീ. സണ്ണി കോയിപ്പള്ളി

സൂപ്പർ സീനിയർ: ശ്രീ. നിതിൻ വെട്ടുകുഴി

## ബഥനി ബൈബിൾ സ്റ്റഡീസ് ക്യാമ്പ്

2022 മെയ് 16, 17, 18 തീയതികളിൽ സൺഡേസ്കൂൾ 1 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി വെക്കേഷൻ ബൈബിൾ ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നു.

നയിക്കുന്നത് : OIC (Order of the Imitation of Christ) ബഥനി ടീം
സമയം : 9 am - 4 pm

**ഡോ. സോണി കണ്ടങ്കരി**
(ഹെഡ്മാസ്റ്റർ)

## മാതൃ-പിതൃവേദി

കുടുംബത്തിലൂടെ ലോകത്തെ നവീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്ന സംഘടനയാണ് മാതൃ-പിതൃവേദി.

2022 പ്രവർത്തന വർഷത്തെ ഉത്ഘാടനം മാർച്ച് 20-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതാ മാതൃവേദി പ്രസിഡന്റ് ശ്രീമതി ആൻസി ചേന്നോത്ത് ഉത്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഫാ. റ്റോബി പുളിക്കാശ്ശേരി അച്ചൻ ആമുഖപ്രഭാഷണവും വികാരി ഡോ. ജോസ് കൊച്ചുപറമ്പിലച്ചൻ അനുഗ്രഹപ്രഭാഷണവും നടത്തി. ഫൊറോന പിതൃവേദി പ്രസിഡന്റ് ശ്രീ. റ്റോൺ ഐസക്, മാതൃ-പിതൃവേദി പ്രസിഡന്റ്മാരായ ശ്രീ. ബിന്നിച്ചൻ മാത്യു, ശ്രീമതി കൊച്ചുറാണി ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു.

പിതൃദിനം, മാതൃദിനം, വനിതാദിനം, സിമിത്തേരി, പള്ളിശുചീകരണം, മെറിറ്റ് ഡേ, പാചകവാതക ഇന്ധന വില വർദ്ധനവിനെതിരെ പ്രതിഷേധം, ഹരിതോത്സവം, സ്വാതന്ത്ര്യദിനാഘോഷം, വിമുക്ത ഭടന്മാരെ ആദരിക്കൽ, ജീവകാരുണ്യ മാസത്തിൽ ക്യാൻസർ രോഗികൾക്ക് വൈദ്യസഹായം, കൊറോണക്കാലത്ത് മെഡിക്കൽ കിറ്റ്, സാനിറ്റൈസർ, മാസ്ക് എന്നിവ പൊതുജനങ്ങൾക്ക് നൽകുകയുണ്ടായി.

നോമ്പിനോടനുബന്ധിച്ച് എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കും, വൈകുന്നേരവും നേർച്ച കഞ്ഞി വിതരണം നടത്തി വരുന്നു.

കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫൊറോനയിലെ ഏറ്റവും മികച്ച 2-ാമത്തെ പിതൃവേദി യൂണിറ്റ്, ഏറ്റവും മികച്ച 3-ാമത്തെ മാതൃവേദി യൂണിറ്റ് സംയുക്ത പ്രവർത്തനമികവിന്റെ ഏറ്റവും മികച്ച 2-ാമത്തെ യൂണിറ്റ് എന്നിവ നേടിയെടുക്കാൻ സാധിച്ചു. കൂടാതെ ഫൊറോന സമിതി നടത്തിയ ടാബ്ലോ

മത്സരത്തിൽ 1-ാം സ്ഥാനവും, ക്രിസ്തീയ സംഘഗാന മത്സരത്തിൽ 3-ാം സ്ഥാനവും നമ്മുടെ യൂണിറ്റ് കരസ്ഥമാക്കി.

ഫൊറോന മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ തിരുക്കുടുംബ പേടകപ്രയാണത്തിന് ഇടവക സ്വീകരണം നൽകുകയുണ്ടായി.

കഴിഞ്ഞ ഒരു വർഷക്കാലം സംഘടനയുടെ ഡയറക്ടറായി സേവനം ചെയ്തശേഷം റോമിലേക്ക് ഉപരിപഠനത്തിനായി പോയ ഫാ.റ്റോം മാളിയേക്കൽ അച്ചന് മാതൃപിതൃവേദി സ്നേഹനിർഭരമായ യാത്രയയപ്പ് നൽകുകയുണ്ടായി.

മാതൃ-പിതൃവേദി എന്ന സംഘടനയിലേക്ക് കൂടുതൽ മാതാപിതാക്കൾ കടന്നുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും കഴിഞ്ഞ ഒരു വർഷക്കാലം ദൈവം നൽകിയ അനുഗ്രഹത്തിന് നന്ദി അർപ്പിച്ചുകൊണ്ടും, മാതൃ-പിതൃവേദി റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

മാതൃപിതൃവേദിക്കുവേണ്ടി,

**സോണി കരിമറ്റം**
**ലീലാമ്മ പടനിലം**
സെക്രട്ടറിമാർ

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

സെന്റ് മേരീസ് കത്തീഡ്രൽ കോൺഫറൻസ്, ചങ്ങനാശ്ശേരി
**84-ാമത് വാർഷിക റിപ്പോർട്ട്**

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്ത് തന്നത്" (മത്താ. 15:10) എന്ന നമ്മുടെ കർത്താവായ ഈശോയുടെ വചനം അന്വർത്ഥമാക്കിക്കൊണ്ട് പാവപ്പെട്ടവരിൽ ഈശോയെ ദർശിച്ച് അവർക്ക് ശുശ്രൂഷ ചെയ്തുകൊണ്ട് ആത്മവിശുദ്ധീകരണം പ്രാപിക്കാൻ സ്ഥാപിതമായ ഒരു അല്മായ സംഘടനയാണ് സെന്റ് വിൻസന്റ് ഡിപോൾ സൊസൈറ്റി.

1833 ൽ പാരീസിൽ വച്ച് വാഴ്ത്തപ്പെട്ട ഫ്രഡറിക് ഓസാനാമും ആറുയുവാക്കളും ചേർന്ന് സൊസൈറ്റിക്ക് രൂപം കൊടുത്തു. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനശിലകളായ ദൈവസ്നേഹവും, സഹോദരസ്നേഹവും, കരുണയും, ഉപവിയും സ്വന്തം പ്രവർത്തി മണ്ഡലത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് സൊസൈറ്റി പ്രവർത്തിച്ചു വരുന്നു. ലോകത്തിലെ വിവിധ രാജ്യങ്ങളിലായി 50000ത്തിലധികം കോൺഫ്രൻസുകളും എട്ടുലക്ഷത്തോളം അംഗങ്ങളുമുണ്ട്.

*ശേഷം പേജ് 25*

സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ സോദരരായി കണ്ട ദൈവത്തിന്റെ മുഖം അവരിൽ ദർശിക്കുവാനും അതുവഴി ക്രിസ്തീയ ചൈതന്യത്തിൽ ജീവിക്കുകയും ചെയ്യുക എന്നതാണ് ഓരോ വിൻസൻഷ്യൽ പ്രവർത്തകന്റെയും ലക്ഷ്യം.

1938-ൽ സ്ഥാപിതമായ ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ കോൺഫ്രൻസ് ഈ ലക്ഷ്യത്തിനാധാരമായാണ് അന്നുമുതൽ ഇന്നുവരെ പ്രവർത്തിച്ചിട്ടുള്ളതെന്ന് നിസ്സംശയം പറയാം.

കത്തീഡ്രൽ കോൺഫ്രൻസിന്റെ ജീവകാരുണ്യപ്രവർത്തനത്തിന്റെ മകുടോദാഹരണമാണ് 1941-ൽ സ്ഥാപിതമായ റെയിൽവേ സ്റ്റേഷനടുത്തു പ്രവർത്തിക്കുന്ന സെന്റ് വിൻസന്റ് ഡിപോൾ അഗതിമന്ദിരം. കത്തീഡ്രൽ കോൺഫ്രൻസിലെ ആദ്യകാലഅംഗങ്ങളുടെ പ്രവർത്തനഫലമായാണ് ഈ അഗതി മന്ദിരം സ്ഥാപിതമായത്. ബഹു. ക്ലാരമഠം സിസ്റ്റേഴ്സാണ് ഇപ്പോൾ ഇത് നടത്തിക്കൊണ്ട് പോകുന്നത്.

പാവങ്ങൾക്കു വേണ്ടി സമ്പത്തുള്ളവരുടെ പക്കൽ കൈനീട്ടുവാൻ വിൻസൻഷ്യൽ പ്രവർത്തകർക്ക് യാതൊരു മടിയുമില്ല. കത്തീഡ്രൽ കോൺഫ്രൻസിന്റെ കഴിഞ്ഞ 84 വർഷത്തെ പ്രവർത്തനത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നന്ദിയോടെ ഓർക്കുന്നു. പ്രവർത്തനത്തിൽ 25 വർഷം പിന്നിട്ട ഞാനും ജോയിച്ചൻ ചക്കുപുരയ്ക്കൽ, പ്രിൻസ് ചക്കാലയ്ക്കൽ എന്നിവർ ഉൾപ്പെടെ 15 അംഗങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ കഴിഞ്ഞവർഷം നല്ലയൊരു പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിച്ചു.

## ദത്തുകുടുംബങ്ങൾ

10 ദത്തു കുടുംബങ്ങളെ ദത്തെടുത്തു. അവർക്ക് ഭക്ഷണത്തിനും അത്യാവശ്യ ചികിത്സക്കുമായുള്ള സഹായങ്ങൾ നൽകി വരുന്നു.

## ദത്തുവിദ്യാർത്ഥികൾ

റിപ്പോർട്ടുവർഷം പാവപ്പെട്ട രണ്ട് ദത്തുവിദ്യാർത്ഥികൾക്കും നേഴ്സിംഗ് പഠനം മുടങ്ങുന്ന ഘട്ടത്തിലെത്തിയ 2 വിദ്യാർത്ഥികൾക്കും അവരുടെ പഠനം തുടരുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ചെയ്തു കൊടുക്കുവാൻ സാധിച്ചു.

ഈ വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനത്തിൽ ഒന്നായിരുന്നു ജപ്തി നടപടി നേരിട്ടുകൊണ്ടിരുന്ന ഒരു കുടുംബത്തെ സഹായിക്കാൻ സാധിച്ചു എന്നുള്ളത്. ഈ ഇനത്തിൽ അഞ്ചുലക്ഷം രൂപാ ചിലവഴിക്കുകയുണ്ടായി. കൂടാതെ കടം വീട്ടാൻ ഒരു കുടുംബത്തിന് 25000 രൂപായും, സ്ഥലം വാങ്ങുന്നതിന് ഒരു കുടുംബത്തിന് പലിശരഹിത ലോണായി ഒരുലക്ഷം രൂപായും, വീട് നിർമ്മാണത്തിനായി 3 കുടുംബങ്ങൾക്ക് 150,000 രൂപായും നൽകുകയുണ്ടായി.

ചികിത്സാസഹായമായി രണ്ട് കാൻസർ രോഗികൾ ഉൾപ്പെടെ പത്തോളം രോഗികൾക്ക് ചികിത്സാസഹായമായ രണ്ടു ലക്ഷം രൂപയോളം വിതരണം ചെയ്യുകയുണ്ടായി.

പത്രം വരുത്താൻ സാമ്പത്തിക ശേഷി ഇല്ലാത്ത വിദ്യാർത്ഥികൾ ഉള്ള ഭവനത്തിലേക്ക് ദീപിക ദിനപത്രം സ്പോൺസർ പ്രകാരം 7 വീടുകൾക്ക് നൽകുകയുണ്ടായി. ഈ വർഷവും ക്രിസ്തുമസിന് ദത്തുകുടുംബങ്ങൾ ഉൾപ്പെടെ 30 കുടുംബങ്ങൾക്ക് ഭക്ഷണസാധനങ്ങൾ നൽകുക ഉണ്ടായി.

Inter Twinage ആയി 66000 രൂപാ തന്നു സഹായിച്ച പാറേൽ, മനയ്ക്കച്ചിറ, ചെത്തിപ്പുഴ, ഗത്സമേനി, വെരൂർ കോൺഫ്രൻസുകളെ നന്ദിയോടെ സ്മരിക്കുന്നു.

ചക്കുപുരയ്ക്കൽ കുടുംബാംഗങ്ങൾ വിവിധ ആവശ്യങ്ങൾക്കായി നൽകിയ 2,45,500 രൂപായുടെ സഹായത്തിന് നന്ദി അർപ്പിക്കുന്നു. 45000 രൂപ Inter Twinage ആയി പുഴവാത്, കുന്നന്താനം, പാറേൽ എന്നീ കോൺഫ്രൻസുകൾക്ക് നൽകുവാൻ സാധിച്ചു.

2021-22 വർഷത്തിൽ കത്തീഡ്രൽ കോൺഫ്രൻസ് 13,31469 രൂപ വരവും അത്രയും തന്നെ ചിലവും ചെയ്യുക ഉണ്ടായി.

ഒസാനാം ദിനാചരണത്തിന്റെ ഭാഗമായി പള്ളിയിൽ നിന്ന് ഞായർ പിരിവ് ഇനത്തിൽ 15000+15000= 30,000 രൂപായും പള്ളി ബഡ്ജറ്റ് വിഹിതമായി രണ്ടുവർഷത്തെ 5000+5000 = 10000 രൂപയും ലഭിച്ചത് നന്ദിപൂർവ്വം സ്മരിക്കുന്നു.

കോൺഫ്രൻസിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറെ സഹായിച്ച ഞങ്ങളുടെ ആത്മീയ ഉപദേഷ്ടാവും വികാരിയുമായ ബഹു. ഡോ. ജോസ് കൊച്ചുപറമ്പിലച്ചന് നന്ദിയോടെ സ്മരിക്കുന്നു.

പ്രവർത്തക അംഗങ്ങൾക്കു പുറമേ സഹായ അംഗങ്ങളായി കോൺഫ്രൻസിന് സാമ്പത്തിക സഹായം തന്നുകൊണ്ടിരിക്കുന്ന 200 ഓളം സഹായാംഗങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി. എല്ലാറ്റിനും ഉപരി സർവ്വശക്തനായ ദൈവത്തിനു സ്തുതി.

**ആനിമ്മ ജോസുകുട്ടി**
**കോയിപ്പള്ളി**
(പ്രസിഡന്റ്)

**ടോമിച്ചൻ**
**അയ്യരുകുളങ്ങര**
(സെക്രട്ടറി)

## കേരള ലേബർ മൂവ്മെന്റ് (KLM)

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ യൂണിറ്റ് ആകെ 15 സംഘങ്ങളുണ്ട്. വനിതസംഘം 5 പുരുഷസംഘം 10 എല്ലാ ആഴ്ചയിലും സംഘം യോഗം കൂടുന്നു. നിക്ഷേപം ശേഖരിച്ച് പരസ്പരം വായ്പ നൽകുകയും, പരസ്പരം ചികിത്സയ്ക്കും, കുടുംബത്തിലെ എല്ലാ ആവശ്യങ്ങൾക്കും സഹായിക്കുകയും ചെയ്യുന്നു. കൊറോണ രോഗം പടർന്നു പിടിക്കുന്നതിനു മുൻപ് രണ്ടു മാസത്തിലൊരിക്കൽ പള്ളിയിൽ അംഗങ്ങൾ ഒന്നിച്ചു കൂടുകയും, പ്രാർത്ഥിക്കുകയും, വിജ്ഞാനപരമായ ക്ലാസ് എടുക്കുവാൻ പ്രഗൽഭരായ ആളുകളെ വിളിക്കുകയും ചെയ്തിരുന്നു. എന്നാൽ രണ്ടുവർഷത്തിനുശേഷം 2021 ഡിസംബറിൽ UCC യൂണിറ്റ് കോർഡിനേഷൻ കമ്മറ്റി വിളിച്ചുകൂട്ടുകയും, പുതിയതായി ചാർജെടുത്ത അതിരൂപതാ ഡയറക്ടർ ബഹു. ഫാ. ജോൺ വടക്കേക്കളത്തിനു സ്വീകരണം കൊടുക്കുവാൻ തീരുമാനിച്ചു. എന്നാൽ വീണ്ടും കൊറോണാ വ്യാപനം രൂക്ഷമായതിനാൽ അത് മാറ്റിവച്ചു. അതിനുശേഷം 2022 മാർച്ച് 8 ലോകവനിതാദിനത്തോടനുബന്ധിച്ച് മതബോധനഹാളിൽ വനിതാസംഘങ്ങൾ ഒന്നിച്ചുകൂടുകയും ഒന്നര മണിക്കൂർ യോഗം നടത്തുകയും സംഘാംഗങ്ങളായ ചങ്ങനാശ്ശേരി താലൂക്ക് ജനറൽ ഹോസ്പിറ്റലിലെ ആശാവർക്കർമാരായ ശ്രീമതി റീത്താമ്മ പ്രക്കാടൻ, റ്റെജി എന്നിവരെ ആദരിച്ചു. ശ്രീമതി സാനി തോമസ് (അതിരൂപതാ സമിതിയംഗം) അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ബഹു. ഫാ. ജോൺ വടക്കേക്കളം യോഗം ഉദ്ഘാടനം ചെയ്തു. ബഹു. ഫാ. മാത്യുകളത്തിൽ CMI ‘സ്ത്രീ ശാക്തീകരണം’ എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. ഏകദേശം 65 വനിതകൾ പങ്കെടുത്തു.

തുടർന്ന് മാർച്ച് 14-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് 15 സംഘങ്ങളിലെ ഏകദേശം 200 അംഗങ്ങൾ പള്ളിയിൽ ഒന്നിച്ചുകൂടുകയും ബഹു. ഫാ. ജോൺ വടക്കേക്കളത്തിനു സ്വീകരണം നൽകുകയും ചെയ്തു. ബഹു. അച്ചൻ 1 മണിക്കൂർ ക്ലാസ് എടുത്തു. തുടർന്ന് അച്ചൻ ഓരോ സംഘങ്ങളേയും വേർതിരിച്ച് കണ്ട് പ്രവർത്തനങ്ങൾ വിലയിരുത്തി. കൊറോണയ്ക്കു മുൻപ് പള്ളിയിൽ നടത്തപ്പെട്ടിരുന്ന എല്ലാ പ്രധാനപരിപാടികൾക്കും, KLM അംഗങ്ങൾ ആത്മാർത്ഥമായി ശുശ്രൂഷ ചെയ്തിട്ടുള്ളത് ഈ അവസരത്തിൽ ഓർക്കുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ 2016 ലും 2017 ലും അതിരൂപതയിലെ ഒന്നാം യൂണിറ്റായി തിരഞ്ഞെടുക്കുകയും, 2018 ൽ ഫൊറോനാടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്ത് തിരഞ്ഞെടുത്തതും. ഈ അവസരത്തിൽ ഓർക്കുന്നു. ഈ ഏപ്രിൽ മാസം മൂന്നാം തീയതി മെയ്ദിന റാലിയെപ്പറ്റി ആലോചിക്കുന്നതിനു വേണ്ടി മെത്രാപ്പോലീ

ത്തൻ പള്ളിയിൽ വച്ച് യോഗം സംഘടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ ഞങ്ങൾക്കു വേണ്ടുന്ന പ്രോത്സാഹനവും സ്നേഹവാത്സല്യങ്ങളും നൽകുന്ന ഞങ്ങളുടെ പെരിയ ബഹു. വികാരി ഡോ. ഫാ. ജോസ് കൊച്ചുപറമ്പിലിനും, സഹവൈദീകർക്കും സ്നേഹാദരവ് അർപ്പിച്ചുകൊണ്ട് നിർത്തുന്നു.
അതിരൂപതാ സമിതി അംഗം കൂടിയായ യൂണിറ്റ് കോർഡിനേറ്റർ സിബിച്ചൻ ഇടശ്ശേരിപ്പറമ്പിൽ
N.B: പുതിയതായി സംഘം രൂപീകരിക്കണമെന്ന് ആഗ്രഹമുള്ളവർ ബന്ധപ്പെടുക Mob : 9846723054

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

### എക്സൈസ് ഓഫീസ് ധർണ്ണ

കേരള ഗവൺമെന്റിന്റെ വീര്യം കുറഞ്ഞ മദ്യം IT Park ലും കേരള മൊട്ടാകെ നടപ്പിലാക്കാൻ പോകുന്നതിൽ പ്രതിഷേധിച്ച് എക്സൈസ് ഓഫീസ് പടിക്കൽ മദ്യവിരുദ്ധസമിതി പ്രവർത്തകർ കൈയും കണ്ണും കെട്ടി നടത്തിയ ധർണ്ണ അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്യും.

### അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാഘോഷം

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാഘോഷത്തിന്റെ ഭാഗമായി നമ്മുടെ പള്ളിയിൽ വച്ചുനടന്ന പരിപാടിക്ക് അതിരൂപതാ വികാരി ജനറാൾ ജോസഫ് വാണിയപ്പുരയ്ക്കലച്ചൻ പതാക ഉയർത്തുകയും അതിരൂപതാ ഡയറക്ടർ ജോർജ് വടക്കേക്കളം അച്ചൻ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും കത്തീഡ്രൽപള്ളി വികാരി റവ. ഡോക്ടർ ജോസ് കൊച്ചുപറമ്പിൽ അച്ചൻ ആമുഖ സന്ദേശം നൽകുകയും അതിരൂപതാ പ്രസിഡന്റ് സൺഡേസ്കൂൾ കുട്ടികൾക്കും എല്ലാവർക്കുമായി പ്രതിജ്ഞ ചെയ്യുകയും ചെയ്തു. നമ്മുടെ പള്ളിയിലെ അലൻവെട്ടുകുഴി അച്ചനും ഡയറക്ടർ അച്ചൻ റ്റോണി കരിക്കണ്ടം അച്ചനും കത്തീഡ്രൽ പ്രസിഡന്റ് ബിജു കൊച്ചുപുരയ്ക്കനും ജോസി കല്ലുകളവും സിന്നിച്ചൻ ചക്കുപുരയ്ക്കനും തങ്കച്ചൻ പുത്തൻപറമ്പിലും ലിസമ്മ റ്റോമി പുല്ലുകാട്ട് എന്നിവർ നേതൃത്വം നൽകി.

### കൂട്ടായ്മ

മദ്യമയക്കുമരുന്ന് മോചിതരായ 25 പേരുടെ ആഭിമുഖ്യത്തിൽ കൂട്ടായ്മ ആരാധനഭവനിൽ വച്ചു നടന്നുവരുന്നു. കൊവിഡ് കാലമായതിനാൽ മഠത്തിലെ ശുശ്രൂഷകൾ നടക്കുന്നില്ല. ഇപ്പോൾ ഞങ്ങളുടെ ഭവനങ്ങളിൽ മാസത്തിൽ ഒന്നുവച്ച് കൂട്ടായ്മ നടന്നുപോകുന്നു. സിസ്റ്റർ റെജിൻ മേരി, വർഗ്ഗീസ് മാവേലിക്കര, പ്രിൻസ് ബ്രദർ,

ജോണിച്ചായൻ കുഴിയടി, ജിജി കൂത്രപള്ളി, ജോഷി ബ്രദർ കൂട്ടായ്മക്കു നേതൃത്വം നൽകി.

## പുതിയ ഡയറക്ടർ അച്ചനു സ്വാഗതം

മെത്രാപ്പോലീത്തൻ പള്ളിയുടെ മദ്യവിരുദ്ധ സമിതിയുടെ പുതിയ ഡയറക്ടർ അച്ചൻ റ്റോണി കരിക്കണ്ടം അച്ചനു ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

എന്ന്,

**ബിജു കൊച്ചുപുരയ്ക്കൽ**
(പ്രസിഡന്റ്)

**ജോസി കല്ലുകളം**
(സെക്രട്ടറി)

## ആത്മതാകേന്ദ്രം

## ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സ

ആത്മതാ കേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളി യാഴ്ചകളിലും ആത്മതാകേന്ദ്രത്തിൽ വച്ചും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാകേന്ദ്രത്തിലും, ആലപ്പുഴ  തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും, അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതി രമ്പുഴ പള്ളി ഹാളിൽ വച്ച് എല്ലാ വ്യാഴാഴ്ചകളിലും, മദ്യമയക്കുമരു ന്നുകൾക്കെതിരായി ഹോമിയോ ചികിത്സ നടത്തി വരുന്നു. രോഗി യുടെ ബന്ധുക്കൾക്കോ നേരിട്ടോ വന്ന് ഈ ചികിത്സ പദ്ധതിയിൽ പങ്കാളിയാകാം. കൗൺസിലിംഗ്, ഹോമിയോ മരുന്ന് വിതരണം, തുടർപ്രവർത്തനങ്ങൾ, പ്രാർത്ഥന എന്നിവയ്ക്ക് പ്രാധാന്യം നല്കുന്നു.

**ഹോമിയോപ്പതിക്ക് ചികിത്സ വിശദവിവരങ്ങൾ**

- ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ ▸ എല്ലാ ബുധനാഴ്ചയും 10 മുതൽ 12.30 വരെ ▸ ഡോ. രാജു തോമസ്, ഡോ. ധന്യ പ്രിൻസ്
- ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി ▸ എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ ▸ ഡോ. സിസ്റ്റർ ടെസ്സിൻ SABS
- ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ ▸ എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ ▸ ഡോ. എസ്സ്.ജി. ബിജു, ഡോ. രാജു തോമസ്, ഡോ. പരമേശ്വരക്കുറുപ്പ്

- അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ പള്ളി ▸ എല്ലാ വ്യാഴാഴ്ചയും 10. 30 മുതൽ 12.30 വരെ ▸ ഡോ. ജോസഫൈൻ.

## കത്തീഡ്രൽ കത്തോലിക്കാ കോൺഗ്രസ്

### 2021–22 വാർഷിക റിപ്പോർട്ട്

1905 മാന്നാനത്തുവച്ച് രൂപംകൊണ്ട കത്തോലിക്കാ കോൺഗ്രസിന്റെ ഒരു ശാഖ ഏറെ താമസിക്കാതെതന്നെ ചങ്ങനാശേരിയിലും സ്ഥാപിതമായി. ചങ്ങനാശേരി പള്ളിയോടു ചേർന്നാണ് എ.കെ.സി.സി. അതിരൂപത കാര്യാലയം പ്രവർത്തിക്കുന്നത്.

കത്തീഡ്രൽ എ.കെ.സി.സി. പള്ളിയിൽ സജീവ സാന്നിദ്ധ്യമായി പ്രവർത്തിച്ചുവരുന്നു. സഭയ്ക്ക് എതിരെ ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങളിലും കത്തോലിക്കാ കോൺഗ്രസ് നിലപാടുകൾ എടുത്ത് പ്രതികരിച്ചു വരുന്നു. 2021 ഡിസംബറിൽ ക്രിസ്തുമസിനെ വരവേൽക്കുവാൻ 24-ാം തീയതി പാതിരാകുർബാനയ്ക്കുശേഷം നടത്തിയ കരോൾനൈറ്റ് നല്ലനിലവാരം പുലർത്തിയ പരിപാടിയായിരുന്നു. അഭി. പെരുന്തോട്ടംപിതാവ് ആദ്യാന്ത്യം പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ഉദ്ഘാടനകർമ്മം നിർവഹിച്ചു.

തുടക്കത്തിൽ കത്തീഡ്രൽ വികാരി ഡോ. ജോസ് കൊച്ചുപറമ്പിലച്ചൻ വയലിൻ വായിച്ചുകൊണ്ടാണ് പരിപാടി ആരംഭിച്ചത്. പരിപാടിയിൽ പങ്കെടുത്ത 500 ഓളം പേർക്ക് കേക്കും കാപ്പിയും കാത്തലിക് മൈക്രോ ചാരിറ്റിഫോറം വിതരണം ചെയ്തു. പ്രസ്തുത പരിപാടിക്ക് രണ്ടുലക്ഷം രൂപയോളം ചെലവഴിച്ചു. നല്ലവരായ സമുദായ സ്നേഹികൾ അകമഴിഞ്ഞ് സംഭാവനകൾ നൽകി എ.കെ.സി.സി.യെ സഹായിച്ചത് നന്ദിയോടെ സ്മരിക്കുന്നു.

### വഞ്ചനാദിനം ആചരിച്ചു

ക്രൈസ്തവഅവഗണനയിൽ പ്രതിഷേധിച്ചുകൊണ്ട് നവംബർ 7ന് വഞ്ചനാദിനമായി ആചരിച്ചു. വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ടോമിച്ചൻ അയ്യരുകുളങ്ങര അദ്ധ്യക്ഷംവഹിച്ചു.

### മാർ കാവുകാട്ട് ചരമവാർഷിക സിമ്പോസിയം

ഒക്ടോബർ 3 മാർ കാവുകാട്ട് ചരമവാർഷിക സിമ്പോസിയം നടത്തി. ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

### പ്രതിഷേധ ധർണ്ണ

'ഈശോ' സിനിമ നിരോധിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസും കാത്തലിക് മൈക്രോ ചാരിറ്റിഫോറ

വും സംയുക്തമായി പ്രതിഷേധ ധർണ്ണ നടത്തി. കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് സൈബി അക്കര, ഫോറം പ്രസിഡന്റ് കുഞ്ഞുമോൻ തൂമ്പുങ്കൽ, ശാഖാ പ്രസിഡന്റ് ടോമിച്ചൻ അയ്യരുകുളങ്ങര എന്നിവർ പ്രസംഗിച്ചു.

## അനുശോചനം

കത്തീഡ്രൽ എ.കെ.സി.സി.യുടെ സജീവപ്രവർത്തകനും ഉപകൃത്തുമായിരുന്ന ചാക്കപ്പൻ കണ്ണമ്പുഴയുടെ നിര്യാണത്തിൽ അനുശോചിച്ച് ഭവനത്തിൽ എത്തി ആദരാഞ്ജലികൾ അർപ്പിച്ചു.

കത്തീഡ്രൽ എ.കെ.സി.സി.യുടെ ഭാഗമായി പ്രവർത്തിക്കുന്ന കാത്തലിക് മൈക്രോ ചാരിറ്റിയുടെ പ്രവർത്തനവും വളരെ സജീവമായി നടക്കുന്നു.

നല്ലവരായ അംഗങ്ങളുടെ സാമ്പത്തിക സഹായത്താലാണ് ശാഖ പ്രവർത്തിക്കുന്നത്. പള്ളി ബഡ്ജറ്റ് വിഹിതമായി 2000 രൂപാ ലഭിച്ചത് നന്ദിപൂർവ്വം സ്മരിക്കുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും സജീവ പിന്തുണ നൽകുന്ന കൈക്കാരന്മാർ, കൊച്ചച്ചന്മാർ, ഡയറക്ടർ ജോസ് കൊച്ചുപറമ്പിലച്ചൻ എന്നിവർക്ക് നന്ദി അർപ്പിക്കുന്നു. വരുംവർഷങ്ങളിൽ സജീവമായി പ്രവർത്തിക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

വിശ്വസ്തതയോടെ,

**ടോമിച്ചൻ അയ്യരുകുളങ്ങര**
(പ്രസിഡന്റ്)

**ജോസി കല്ലുകളം**
(ജനറൽ സെക്രട്ടറി)

EDAYAN MEDIA YouTube




നമ്മുടെ ഇടവകയുടെ YOUTUBE ചാനലിലേക്ക് വീഡിയോകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കൊച്ചച്ചന്മാരുമായി ബന്ധപ്പെടുക. 9497801968

PLEASE SUBSCRIBE

### ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ

# പീഡാനുഭവവാര തിരുക്കർമ്മങ്ങൾ

## പീഡാനുഭവവാര ഒരുക്ക ധ്യാനം

**2022 ഏപ്രിൽ 5 മുതൽ 17 വരെ**

## നാൽപതുമണി ആരാധന

**2022 ഏപ്രിൽ 5, 6, 7 (ചൊവ്വ, ബുധൻ, വ്യാഴം) തീയതികളിൽ**

| | | |
|---|---|---|
| 5:30 am | : | സപ്രാ, **പരിശുദ്ധ കുർബാന, കുരിശിന്റെ വഴി** |
| 7:00 am | : | പരി. കുർബാന |
| 8:00 am - 8:00 pm | : | **പരി. കുർബാനയുടെ ആരാധന**<br>(വിവിധ വാർഡുകൾ, ഭക്തസംഘടനകൾ, സന്യാസിനീ സമൂഹങ്ങൾ) |
| 9:00 am | : | ഖുഥാആ (മൂന്നാം മണി ജപം) |
| 12:00 noon | : | എന്ദാനാ (മദ്ധ്യാഹ്ന പ്രാർത്ഥന) |
| 3:00 pm | : | ദ്ബസ്ശാശായീൻ (ഒൻപതാംമണി ജപം) |
| 4:45 pm | : | റംശാ (സായംകാല പ്രാർത്ഥന) |
| 5:00 pm | : | പരി. കുർബാന |

**2022 ഏപ്രിൽ 7 വ്യാഴം നാൽപതുമണി ആരാധനയുടെ സമാപനം**

| | | |
|---|---|---|
| 5:30 am | : | സപ്രാ, **പരി. കുർബാന, കുരിശിന്റെ വഴി** |
| 7:00 മാ | : | പരി. കുർബാന |
| 8:00 am - 8:00 pm | : | **പരി. കുർബാനയുടെ ആരാധന**<br>(വിവിധ വാർഡുകൾ, ഭക്തസംഘടനകൾ, സന്യാസിനി സമൂഹങ്ങൾ) |
| 4:45 pm | : | റംശാ, പരി. കുർബാന |
| 7:30 pm | : | പരി. കുർബാനയുടെ പ്രദക്ഷിണം<br>**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ** (വികാരി ജനറാൾ) |

## 2022 ഏപ്രിൽ 8 നാൽപതാം വെള്ളി

5:30 am : സപ്രാ, **പരി. കുർബാന, കുരിശിന്റെ വഴി**

7:00 am : പരി. കുർബാന

9:00 am : പരി. കുർബാന (പരേതരായ വൈദികരുടെ ഓർമ്മ)
**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത**
**മാർ തോമസ് തറയിൽ മെത്രാൻ**
**അതിരൂപതയിലെ വൈദികർ**

11:00 am : ജപമാല, കുരിശിന്റെ വഴി

12:00 am : പരി. കുർബാന

4:30 pm : പരി. കുർബാന, മാർക്കറ്റ് ചുറ്റി **ആഘോഷമായ കുരിശിന്റെ വഴി,**
സമാപനസന്ദേശം (ഗ്രോട്ടോയിൽ), സ്ലീവാവന്ദനം, നേർച്ചക്കഞ്ഞി

## 2022 ഏപ്രിൽ 9 ശനി

5:30 am : സപ്രാ, **പരി. കുർബാന, കുരിശിന്റെ വഴി**

7:00 am : പരി. കുർബാന

4:45 pm : റംശാ, പരി. കുർബാന

### പീഡാനുഭവവാര ഒരുക്ക ധ്യാനം - ഒന്നാം ദിവസം

6:00 pm : ധ്യാനപ്രസംഗം – **റവ. ഡോ. സിറിയക് വലിയകുന്നുംപുറത്ത്**
(പ്രൊഫസർ, വടവാതൂർ സെമിനാരി)

7:30 þ -8:30 am : **പരി. കുർബാനയുടെ ആരാധന**

# പീഡാനുഭവവാര തിരുക്കർമ്മങ്ങൾ

## 2022 ഏപ്രിൽ 10 ഓശാന ഞായർ

6:30 am : കുരുത്തോല വെഞ്ചരിപ്പ് (പാരീഷ് ഹാളിൽ)
: പ്രദക്ഷിണം (പാരീഷ് ഹാളിൽനിന്നും പള്ളിയിലേയ്ക്ക്)
: **ആഘോഷമായ പരി. കുർബാന,** പ്രസംഗം
**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ** (വികാരി ജനറാൾ)

8:30, 10:30 am, 5:00 pm : പരി. കുർബാന (10:30 നുള്ള കുർബാന സീനിയർ സിറ്റിസൺസിന്)

### പീഡാനുഭവവാര ഒരുക്ക ധ്യാനം - രണ്ടാം ദിവസം

6:00-7:30 pm : ധ്യാനപ്രസംഗം – **റവ. ഫാ. ജോൺ പ്ലാത്താനം**
(പ്രൊഫസർ, എസ്.ബി. കോളജ്)

7:30 pm : **പരി. കുർബാനയുടെ ആരാധന**

## 2022 ഏപ്രിൽ 11 തിങ്കൾ കുമ്പസാരദിനം

5:30 am : സപ്രാ, **പരി. കുർബാന, കുരിശിന്റെ വഴി**

7:00 am : **പരി. കുർബാന**

6:00 am - 8:30 am, 9:00 am -12:00 noon & 6:00 pm - 8:00 pm : **കുമ്പസാരം**

4:45 pm : റംശാ, പരി. കുർബാന

### പീഡാനുഭവവാര ഒരുക്ക ധ്യാനം - മൂന്നാം ദിവസം

6:00 pm : ധ്യാനപ്രസംഗം – **റവ. ഫാ. തോമസ് തലക്കുളം** OFM
(സുപ്പീരിയർ, ഗത്സമേനി ആശ്രമം)

7:30 pm : **പരി. കുർബാനയുടെ ആരാധന**

## 2022 ഏപ്രിൽ 12 ചൊവ്വ

5:30 am : സപ്രാ, **പരി. കുർബാന, കുരിശിന്റെ വഴി**

6:00 - 8.30 am, 9:30 am -12:00 noon & 3:30 pm - 8:00 pm : **കുമ്പസാരം**

7:00 am : **പരി. കുർബാന**

4:45 pm : റംശാ, പരി. കുർബാന

### പീഡാനുഭവവാര ഒരുക്ക ധ്യാനം - നാലാം ദിവസം

6:00 pm : ധ്യാനപ്രസംഗം
**റവ. ഡോ. ജേക്കബ് കിഴക്കേവീട്**
(വൈസ് റെക്ടർ, കുറിച്ചി മൈനർ സെമിനാരി)

7:30 pm : **പരി. കുർബാനയുടെ ആരാധന**

## 2022 ഏപ്രിൽ 13 ബുധൻ

5:30 am : സപ്രാ, പരി. കുർബാന

6:00 - 8.30 am, 9:30 am -12:00 noon & 3:30 pm - 8:00 pm : **കുമ്പസാരം**

7:00 am : **പരി. കുർബാന**

4:45 pm : റംശാ, പരി. കുർബാന

## 2022 ഏപ്രിൽ 14 പെസഹാവ്യാഴം

4:30 pm : ആഘോഷമായ പരി. കുർബാന,
കാൽകഴുകൽ ശുശ്രൂഷ, പ്രസംഗം, പൊതു ആരാധന
**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ**

7:30 pm : ലെലിയാ

## 2022 ഏപ്രിൽ 15 പീഡാനുഭവ വെള്ളി

| | | |
|---|---|---|
| 5:30 am | : | സപ്രാ |
| 6:00 - 12:00 noon | : | പരി. കുർബാനയുടെ ആരാധന |
| 9:00 am | : | ഖുഥാഅ |
| 12:00 noon | : | എന്ദാനാ |
| 2:30 pm | : | **പീഡാനുഭവ തിരുക്കർമ്മങ്ങൾ, നഗരികാണിക്കൽ, തിരുസ്വരൂപ ചുംബനം,** പ്രസംഗം – **റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ** (വികാരി) |
| 6:30 pm - 8:00 pm | : | ദീപക്കാഴ്ച |
| 7:30 pm | : | **കുരിശിന്റെ വഴി**, ലെലിയാ, കബറടക്കശുശ്രൂഷ |

## 2022 ഏപ്രിൽ 16 വലിയശനി

| | | |
|---|---|---|
| 4:30 pm | : | സായാഹ്ന ശുശ്രൂഷ, പരി. കുർബാന, **ആഘോഷമായ മാമ്മോദീസാ സ്വീകരണം,** പുത്തൻ തീ, പുത്തൻ വെള്ളം **മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ** |

## 2022 ഏപ്രിൽ 17 ഉയിർപ്പുതിരുനാൾ

| | | |
|---|---|---|
| 3:00 am | : | **ഉയിർപ്പുകർമ്മങ്ങൾ, ആഘോഷമായ പരി. കുർബാന, പ്രദക്ഷിണം** പ്രസംഗം – **മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ** |
| 6:00, 7:30 am | : | **പരി. കുർബാന** |

(വൈകുന്നേരം പരി. കുർബാന ഉണ്ടായിരിക്കുന്നതല്ല.)




## നാൽപതു മണി ആരാധനയുടെ സമയക്രമം


| | | |
|---|---|---|
| രാവിലെ | 8:00 – 9:00 | മിഷൻലീഗ്, സ്നേഹഗിരി സിസ്റ്റേഴ്സ്, OMMI സിസ്റ്റേഴ്സ് |
| | 9:00 – 10:00 | കത്തീഡ്രൽ വാർഡ്, കർമലീത്താമഠം സിസ്റ്റേഴ്സ് |
| | 10:00 – 11:00 | വെട്ടിത്തുരുത്ത്, പാറക്കടവ്, ഗത്സമേനി വാർഡുകൾ, FDSHJ സിസ്റ്റേഴ്സ് |
| | 11:00 – 12:00 | അങ്ങാടി – പോത്തോട് വാർഡ്, അഡോറേഴ്സ് സിസ്റ്റേഴ്സ്, സേവനോദ്യാനം സിസ്റ്റേഴ്സ് |
| ഉച്ചകഴിഞ്ഞ് | 12:00 – 1:00 | മഞ്ചാടിക്കര, വണ്ടിപ്പേട്ട, കാക്കാംതോട് വാർഡുകൾ, ആരാധനാഭവൻ, വികാസ് |
| | 1:00 – 2:00 | മാതൃജ്യോതിസ്, അസംഷൻ വാർഡ്, അൽഫോൻസാ ബാലികഭവൻ |
| | 2:00 – 3:00 | സസ്യ മാർക്കറ്റ്, പുഴവാത്, പെരുന്നകിഴക്ക്, മറ്റം – പൂവക്കാട്ടുചിറ അൾത്താര ബാലന്മാർ |
| | 3:00 – 4:00 | പാസ്റ്ററൽ സെന്റർ വാർഡ്, ദർശന സമൂഹം, പിതൃവേദി, FCC സിസ്റ്റേഴ്സ് |
| | 4:00 – 4:45 | സെന്റ് മേരീസ് സൺഡേ സ്കൂൾ |
| | 6:00 – 7:00 | ഫിഷ് മാർക്കറ്റ്, വാഴപ്പള്ളി ആരാധനാമഠം സിസ്റ്റേഴ്സ്, യുവദീപ്തി |
| | 7:00 – 8:00 | പൊതുആരാധനാ |


## പീഡാനുഭവ വെള്ളി ആരാധന സമയക്രമം

| | | |
|---|---|---|
| രാവിലെ | 06.00 – 07.00 | കത്തീഡ്രൽ വാർഡ്, മഞ്ചാടിക്കര വാർഡ്, പിതൃവേദി, കർമ്മലീത്താമഠം സിസ്റ്റേഴ്സ് |
| | 07.00 – 08.00 | ഫിഷ് മാർക്കറ്റ് വാർഡ്, ദർശനസമൂഹം, മാതൃവേദി, OMMI സിസ്റ്റേഴ്സ് |
| | 08.00 – 09.00 | വെട്ടിത്തുരുത്ത്, പാറേക്കടവ്, വാഴപ്പള്ളി – ഗത്സമനി, സസ്യമാർക്കറ്റ് വാർഡുകൾ, യുവദീപ്തി, സേവനോദ്യാനം സിസ്റ്റേഴ്സ് |
| | 09.00 – 10.00 | പുഴവാത്, പെരുന്ന കിഴക്ക്, വണ്ടിപ്പേട്ട – കാക്കാംതോട് വാർഡ്, എഫ്.സി.സി. സിസ്റ്റേഴ്സ്, അൽഫോൻസാ ബാലികാഭവൻ |
| | 10.00 – 11.00 | പാസ്റ്ററൽ സെന്റർ – അസംപ്ഷൻ വാർഡുകൾ, സൺഡേസ്കൂൾ, മിഷൻലീഗ്, FDSHJ സിസ്റ്റേഴ്സ്, അഡോറേഴ്സ് സിസ്റ്റേഴ്സ് |
| | 11.00 – 12.00 | അങ്ങാടി – പോത്തോട്, മറ്റം – പൂവക്കാട്ടുചിറ വാർഡുകൾ, ആരാധനാമഠം സിസ്റ്റേഴ്സ് |



# ജലത്താലും ആത്മാവിനാലും

1. കളത്തിൽ റിൻസൺ-ആൻമരിയ മകൾ റോസ് 03.01.2022
2. വെട്ടുകുഴിയിൽ രഞ്ജിത്-അനു മകൾ എലിസബത്ത് 06.01.2022
3. വെട്ടുകുഴിയിൽ രഞ്ജിത്-അനു മകൾ മോനിക്ക 06.01.2022
4. പയ്യാപ്പള്ളി അനിൽ-ജൂബി മകൾ എലിസബത്ത് 08.01.2022
5. മ്യാലിൽ സൈജോ-ഡെയ്സി മകൻ പീറ്റർ 09.01.2022
6. കരീക്കളം ഷെബിൻ-സെൽജു മകൾ മറിയം 13.01.2022
7. അഴിമുഖം റ്റോണി-ജോളിമ്മ മകൾ അന്ന 20.01.2022
8. ഒളശ്ശയിൽ ഫിലിപ്പ്-ത്രേസ്യാമ്മ മകൻ ചാണ്ടി 26.01.2022
9. പേരങ്ങാട്ട് തോമസ്-റോജിന മകൻ ആന്റണി 26.01.2022
10. കല്ലുകളം അജു-അനു മകൻ ചാക്കോ 29.01.2022
11. കോട്ടയ്ക്കൽ ബോബി-റിന്റാ മകൻ ജോസഫ് 01.02.2022
12. പാലത്തിങ്കൽ റ്റോജി-മെർലിൻ മകൻ മാത്യു 08.02.2022
13. കാരിക്കുഴിയിൽ റ്റിജോ-ലിബി മകൻ ർഗീസ് 10.02.2022
14. കാരിക്കുഴിയിൽ റ്റിജോ-ലിബി മകൾ റെസ 10.02.2022
15. ചെത്തിക്കാട്ട് ജിജോ-രേഷ്മ മകൻ വർഗീസ് 17.02.2022
16. കൂട്ടക്കര മാർട്ടിൻ-അന്നമ്മ മകൻ ജേക്കബ് 19.02.2022
17. കരിങ്ങണാമറ്റം റോബിൻ-നീതു മകൾ എൽസ 19.02.2022
18. പുല്ലുകാട്ടുപറമ്പിൽ റ്റോണി-രാജി മകൻ ജോസഫ് 26.02.2022
19. പാറയ്ക്കൽ സെൻ-ലിൻസി മകൾ ഗ്രാസിയ 12.03.2022
20. ആറുപറയിൽ മെയ്ജുലാൽ-റ്റാനിയാ മകൻ ചാക്കോ 20.03.2022
21. കളരിയ്ക്കൽ ജോ-ലിസ മകൾ മറിയം 03.01.2022
22. പെരുമ്പടപ്പിൽ ഫ്രാൻസിസ്-നീതു മകൻ ജോസഫ് 22.01.2022
23. പീടിയേക്കൽ ജോസഫ്-മേരി മകൻ ജോസഫ് 05.02.2022
24. എരിഞ്ഞേരി കെന്നി-ഓഷിൻ മകൾ എലിസബത്ത് 20.02.2022
25. ചെന്നിത്തല റ്റിബിൻ-മെറിൻ മകൻ ആൻഡ്രി ലൂയി തോമസ് 27.02.2022

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക വട്ടക്കളം ഫ്രാൻസിസ്-മിനിമോൾ മകൻ തോമസും ഈ ഇടവക അഴീയ്ക്കൽ കുര്യൻ - ലിൻസി മകൾ മറിയവും തമ്മിലുള്ള വിവാഹം - 05.01.22
2. ഈ ഇടവക കൂടത്തിങ്കൽ വർഗീസ്-സാലിമ്മ മകൻ ആന്റണിയും ചേന്നങ്കരി ഇടവക കിഴക്കേചേന്നാട്ട് വർഗീസ്-ജെസമ്മ മകൾ അന്നയും തമ്മിലുള്ള വിവാഹം - 05.01.22
3. ഈ ഇടവക പാലത്തിങ്കൽ ആന്റണി-ലാലി മകൻ മൈക്കിളും ഈ ഇടവക പെരുമ്പുഴക്കടവിൽ ഷാജി-റെമി മകൾ ഫിലോയും തമ്മിലുള്ള വിവാഹം - 06.01.22
4. ഈ ഇടവക കടന്തോട് റോയ്-ജിജി മകൻ മാത്യുവും ഡോംബീവ്‌ലി ഇടവക ചിറ്റിലപ്പിള്ളി ഫ്രാൻസിസ്-ലിസി മകൾ മേരിയും തമ്മിലുള്ള വിവാഹം - 10.01.22
5. ഈ ഇടവക പുളിശ്ശേരിൽ ജോസഫുകുട്ടി-ജെബി മകൻ ജോണും കാക്കനാട് ഇടവക മേനാശ്ശേരി റ്റോമി-ആനി മകൾ മരിയയും തമ്മിലുള്ള വിവാഹം - 10.01.22
6. ഈ ഇടവക ചെന്നിക്കര സാജൻ-ഷേർളി മകൻ ഫ്രാൻസിസും പെരുവന്താനം ഇടവക കീരൻചിറ ഡയസ്-ലാലി മകൾ മരിയയും തമ്മിലുള്ള വിവാഹം - 16.01.22
7. ഈ ഇടവക കണ്ടത്തിൽപറമ്പിൽ ദേവസ്യ-റോസി മകൻ ആന്റണിയും വാടയ്ക്കൽ ഇടവക എരേശ്ശേരിൽ സെബാസ്റ്റ്യൻ-ഷേർളി മകൾ സാദിയയും തമ്മിലുള്ള വിവാഹം - 19.01.22

8. ഈ ഇടവക തുണ്ടിയിൽപറമ്പിൽ സെബാസ്റ്റ്യൻ-സോളി മകൻ ആന്റണിയും മുരിയ്ക്കാശ്ശേരി ഇടവക തോട്ടത്തിൽ ഫിലിപ്പ്-അന്നമ്മ മകൾ മറിയവും തമ്മിലുള്ള വിവാഹം - 20.01.22
9. ഈ ഇടവക പുത്തൻവീട്ടിൽ റ്റൈറ്റസ്-മേരിക്കുട്ടി മകൻ ആന്റണിയും ഈ ഇടവകപടനിലം വർഗീസ്-അന്നമ്മ മകൾ മറിയവും തമ്മിലുള്ള വിവാഹം - 27.01.22
10. ഈ ഇടവക കരിങ്ങണാമറ്റം ഫിലിപ്പ്-സുനി മകൻ ആന്റണിയും തൊടുപുഴ ഇടവക താഴത്ത് കരിങ്ങനാട്ട് ജോസഫ്-മറിയം മകൻ മറിയവും തമ്മിലുള്ള വിവാഹം - 31.01.22
11. ഈ ഇടവക പാലത്തിങ്കൽ ജോർജ്-റോസമ്മ മകൻ ജോർജും ഈ ഇടവക പുന്നശ്ശേരി ചാക്കോ-മേഴ്സി മകൾ ത്രേസ്യയും തമ്മിലുള്ള വിവാഹം - 02.02.22
12. ഈ ഇടവക പുന്നശ്ശേരി ചാക്കോ-മേഴ്സി മകൻ തോമസും പാലാ കത്തീഡ്രൽ ഇടവക നിധിയിടത്തുകുന്നേൽ തോമസ് ജോളി മകൾ മേരിയും തമ്മിലുള്ള വിവാഹം - 05.02.22
13. ഈ ഇടവക മുക്കാടൻ ജോസഫ്-ശോഭ മകൻ കുര്യാക്കോസും പൊൻകുന്നം ഇടവക പന്തിരുവേലിൽ പോൾ-അക്കാമ്മ മകൾ മറിയവും തമ്മിലുള്ള വിവാഹം - 05.02.22
14. ഈ ഇടവര മേക്കരശ്ശേരി ജോസുകുട്ടി-ജയമോൾ മകൻ സ്കറിയയും പള്ളിപ്പുറം ഇടവക പനക്കൽ ഫ്രാൻസിസ്-ബിൻസി മകൾ ആഷിയും തമ്മിലുള്ള വിവാഹം - 19.02.22
15. ഈ ഇടവക പുല്ലുകാട്ടുപറമ്പിൽ മാത്യു-ജോസിയമ്മ മകൻ മത്തായിയും മണർകാട് ഇടവക പൂവത്താനിക്കൽ ജോസഫ്-സാറാമ്മ മകൾ എൽസമ്മയും തമ്മിലുള്ള വിവാഹം - 24.02.2022
16. ഈ ഇടവക വാണിയപ്പുരയ്ക്കൽ ജെയിംസ്-മാഗി മകൻ വർഗീസും കാഞ്ഞിരപ്പള്ളി മുതിയാപറമ്പിൽ മാത്യു-ഏലമ്മ മകൾ ഗ്ലോറിയയും തമ്മിലുള്ള വിവാഹം - 26.02.22

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | കലയംകണ്ടം ത്രേസ്യാമ്മ തോമസ് (67 വയസ്സ്) | 03.01.2022 |
| 2. | വൈപ്പിശ്ശേരിൽ ലീലാമ്മ ദേവസ്യാ (76 വയസ്സ്) | 05.01.2022 |
| 3. | പുത്തൻപുരയ്ക്കൽ സിൽവി സഖറിയാസ് (80 വയസ്സ്) | 05.01.2022 |
| 4. | ഇലഞ്ഞിപ്പറമ്പിൽ ത്രേസ്യാമ്മ വർഗീസ് (78 വയസ്സ്) | 07.01.2022 |
| 5. | കുറുപ്പൻപറമ്പിൽ ഏയ്ഞ്ചൽ മേരി ജെയിംസ് (74 വയസ്സ്) | 08.01.2022 |
| 6. | പുത്തൻപറമ്പിൽ മേരിക്കുട്ടി തോമസ് (87 വയസ്സ്) | 17.01.2022 |
| 7. | പാണ്ടിശ്ശേരി മോളിക്കുട്ടി സെബാസ്റ്റ്യൻ (65 വയസ്സ്) | 18.01.2022 |
| 8. | താവളത്തിൽ മേരിക്കുട്ടി ജോസഫ് (72 വയസ്സ്) | 27.01.2022 |
| 9. | കാലായിൽ ഏലിയാമ്മ ദേവസ്യ (75 വയസ്സ്) | 27.01.2022 |
| 10. | കണ്ടങ്കരി കെ.ജെ. വർഗീസ് (91 വർഗ്ഗീസ്) | 26.01.2022 |
| 11. | അക്കര സണ്ണി ജോൺ (88 വയസ്സ്) | 02.02.2022 |
| 12. | ഉള്ളാഹയിൽ അലക്സ് ജെ. വിൽസൺ (26 വയസ്സ്) | 04.02.2022 |
| 13. | നെടുംപറമ്പിൽ ചെറിയാൻ മാത്യു (58 വയസ്സ്) | 06.02.2022 |
| 14. | വട്ടക്കളം രാജേഷ് ഫ്രാൻസിസ് (43 വയസ്സ്) | 12.02.2022 |
| 15. | മണ്ണാകുന്നേൽ പി. ജെ. ത്രേസ്യാമ്മ (88 വയസ്സ്) | 12.02.2022 |
| 16. | പുന്നയ്ക്കൽ സോമി ആന്റണി (34 വയസ്സ്) | 13.02.2022 |
| 17. | കാർത്തികപള്ളിൽ റോസമ്മ കെ. ജോർജ് (78 വയസ്സ്) | 15.02.2022 |
| 18. | മാറാട്ടുകളം തങ്കച്ചൻ മാത്യു (69 വയസ്സ്) | 16.02.2022 |
| 19. | വാലോലിക്കൽ ഏലിക്കുട്ടി ദേവസ്യ (94 വയസ്സ്) | 19.02.2022 |
| 20. | അറമ്പൻകുടിയിൽ ഡോ. ബാബു ജേക്കബ് (71 വയസ്സ്) | 26.02.2022 |
| 21. | കൊല്ലാരം മിലൻ സെബാസ്റ്റ്യൻ (22 വയസ്സ്) | 25.02.2022 |
| 22. | പാണത്തറ അന്നമ്മ ഔസേഫ് (86 വയസ്സ്) | 27.02.2022 |
| 23. | തെക്കേക്കര ത്രേസ്യാമ്മ ഇട്ടിച്ചെറിയ | |
| 24. | കുട്ടമ്പേരൂർ ചക്കാലയ്ക്കൽ വത്സമ്മ വർഗീസ് (76 വയസ്സ്) | 03.03.2022 |
| 25. | ഇലഞ്ഞിപ്പറമ്പിൽ ഏലിക്കുട്ടി ആന്റണി (90 വയസ്സ്) | 08.03.2022 |
| 26. | കണ്ടങ്കരി (സേവനോദ്യാനം) സി. തങ്കമ്മ (93 വയസ്സ്) | 09.03.2022 |
| 27. | ചെന്നിത്തല ത്രേസ്യാക്കുട്ടി തോമസ് (78 വയസ്സ്) | 08.03.2022 |
| 28. | കൊടുപ്പുന്ന പോളയ്ക്കൽ മറിയാമ്മ ചാക്കോ (90 വയസ്സ്) | 09.03.2022 |
| 29. | കൂടത്തിങ്കൽ ജോസഫ് ആന്റണി (60 വയസ്സ്) | 13.03.2022 |
| 30. | മണമേൽ എൽസമ്മ മാത്യു (65 വയസ്സ്) | 14.03.2022 |